# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പോരുവഴി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P10/1523/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 18/07/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പോരുവഴി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പോരുവഴി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പോരുവഴി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P10/1523/21 തീയ്യതി: 18/07/2022

## കൊല്ലം ജില്ലയിലെ പോരുവഴി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പോരുവഴി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 30-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമ്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി അമ്പിളി എം ഡി | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 11-10-2021 | 28-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 11-10-2021 | 28-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. രഞ്ജിത്ത് കുമാർ ജി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി. പ്രീത എസ് എസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. അനിൽകുമാർ എസ് (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീമതി. രാജശ്രീ സി ആർ (ഓഡിറ്റർ)

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ജയ പ്രസന്നൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീ. ബിനു മംഗലത്ത് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ജയപ്രകാശ് പി. | സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി സി.ഒ.കോമളവല്ലി | അസി. സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ. റോബിൻ സാമുവേൽ | വി.ഇ.ഓ. | 01-04-2020 | 31-03-2021 |
| ശ്രീ. ബിനീഷ് ചന്ദ്രൻ ബി. | വി.ഇ.ഓ. | 01-04-2020 | 31-03-2021 |
| ശ്രീമതി അല്ലി എസ്. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ. പ്രവീൺ കുമാർ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | 01-04-2020 | 03-02-2021 |
| ഡോ. ബിനോയ് ജോൺസൺ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | 03-02-2021 | 31-03-2021 |
| ഡോ. സനോജ് സാം | മെഡിക്കൽ ഓഫീസർ, (ആയുർവേദം) | 01-04-2020 | 31-03-2021 |
| ഡോ. സി.സാജൻ | വെറ്ററിനറി സർജൻ | 01-04-2020 | 24-06-2020 |
| ഡോ. കെ.ജയകുമാർ | വെറ്ററിനറി സർജൻ | 24-06-2020 | 31-03-2021 |
| ശ്രീമതി റീനാ രവീന്ദ്രൻ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി കൃഷ്ണകുമാരി | ഹെഡ്മിസ്ട്രസ്സ് | 01-04-2020 | 31-03-2021 |
| ശ്രീമതി ലക്ഷ്മി ജി. മോഹൻ | അസി. എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ. എം. അബ്ദുൾ സലീം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 06-07-2020 |
| ശ്രീമതി പദ്മജാ ദേവി ആർ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 06-07-2020 | 31-03-2021 |

## ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Anilkumar S (Senior Grade Auditor, On 24-10-2021)<br>Last Updated By: Santhosh N (Computer Assistant, On 28-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Rajasree.C.R (Auditor, On 27-10-2021)<br>Last Updated By: Santhosh N (Computer Assistant, On 30-06-2022) | 1-2 |
| 3 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: S.S.Preetha (Audit Officer, On 26-10-2021)<br>Last Updated By: Naseer S (Computer Assistant, On 16-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: S.S.Preetha (Audit Officer, On 01-11-2021)<br>Last Updated By: Santhosh N (Computer Assistant, On 30-06-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: S.S.Preetha (Audit Officer, On 26-10-2021)<br>Last Updated By: Santhosh N (Computer Assistant, On 28-06-2022) | 1-4 |
| 6 | കേന്ദ്ര-സംസ്ഥാനാവിഷ്കൃത ഫണ്ടുകളുടെ വിനിയോഗം - ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകത.<br>Written By: S.S.Preetha (Audit Officer, On 26-10-2021)<br>Last Updated By: Santhosh N (Computer Assistant, On 28-06-2022) | 1-4-1 |
| 7 | പദ്ധതി അവലോകനം<br>Written By: Anilkumar S (Senior Grade Auditor, On 31-10-2021)<br>Last Updated By: Santhosh N (Computer Assistant, On 28-06-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Ranjith Kumar G (Audit Officer (HG), On 01-11-2021)<br>Last Updated By: Santhosh N (Computer Assistant, On 28-06-2022) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Anilkumar S (Senior Grade Auditor, On 31-10-2021)<br>Last Updated By: Santhosh N (Computer Assistant, On 28-06-2022) | 1-7 |
| 10 | ക്യാഷ് പരിശോധന<br>Written By: Rajasree.C.R (Auditor, On 24-10-2021)<br>Last Updated By: Santhosh N (Computer Assistant, On 28-06-2022) | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം<br>Written By: S.S.Preetha (Audit Officer, On 01-11-2021)<br>Last Updated By: Santhosh N (Computer Assistant, On 28-06-2022) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: S.S.Preetha (Audit Officer, On 01-11-2021)<br>Last Updated By: Santhosh N (Computer Assistant, On 30-06-2022) | 1-10 |
| 13 | ഓഡിറ്റോറിയങ്ങളും കൺവെൻഷൻ സെന്ററുകളും അനധികൃതമായി പ്രവർത്തിക്കുന്നു<br>Written By: Rajasree.C.R (Auditor, On 30-10-2021)<br>Last Updated By: Naseer S (Computer Assistant, On 16-07-2022) | 1-11 |
| 14 | വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു<br>Written By: Ranjith Kumar G (Audit Officer (HG), On 27-10-2021)<br>Last Updated By: Naseer S (Computer Assistant, On 16-07-2022) | 1-12 |
| 15 | വാല്യുവേഷനേക്കാൾ അധികം നൽകിയ തുക നിരാകരിക്കുന്നു - 25,000/-രൂപ<br>Written By: Ranjith Kumar G (Audit Officer (HG), On 28-10-2021)<br>Last Updated By: Naseer S (Computer Assistant, On 16-07-2022) | 1-13 |

| | | |
|---|---|---|
| 16 | കിണർ നിർമ്മാണം - ആദ്യഗഡു കൈപ്പറ്റിയിട്ട പ്രവൃത്തി പൂർത്തീകരിച്ചില്ല<br>Written By: Ranjith Kumar G (Audit Officer (HG), On 28-10-2021)<br>Last Updated By: Santhosh N (Computer Assistant, On 18-07-2022) | 1-14 |
| 17 | ധനസഹായതുക കൈപ്പറ്റിയ ശേഷം പ്രവൃത്തി പൂർത്തീകരിച്ചില്ല<br>Written By: Ranjith Kumar G (Audit Officer (HG), On 28-10-2021)<br>Last Updated By: Santhosh N (Computer Assistant, On 30-06-2022) | 1-15 |
| 18 | ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചില്ല.<br>Written By: Ranjith Kumar G (Audit Officer (HG), On 28-10-2021)<br>Last Updated By: Santhosh N (Computer Assistant, On 28-06-2022) | 1-16 |
| 19 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ - പരസ്യചെലവ് ചട്ടവിരുദ്ധം - ചെലവ് അംഗീകരിക്കുന്നില്ല<br>Written By: Anilkumar S (Senior Grade Auditor, On 29-10-2021)<br>Last Updated By: Santhosh N (Computer Assistant, On 29-06-2022) | 1-17 |
| 20 | അംഗൻവാടികൾക്ക് വാട്ടർ ടാങ്ക്, സ്റ്റീൽ പാത്രങ്ങൾ വാങ്ങൽ - ഉയർന്ന ക്വട്ടേഷൻ പ്രകാരം വാങ്ങിയതിനാൽ അധികം നൽകിയ 5,340/രൂപ നിരാകരിക്കുന്നു<br>Written By: Anilkumar S (Senior Grade Auditor, On 29-10-2021)<br>Last Updated By: Santhosh N (Computer Assistant, On 29-06-2022) | 1-18 |
| 21 | സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ വൻ തുക അടവാക്കുന്നു - സംയുക്ത പരിശോധന അനിവാര്യം<br>Written By: S.S.Preetha (Audit Officer, On 29-10-2021)<br>Last Updated By: Naseer S (Computer Assistant, On 16-07-2022) | 1-19 |
| 22 | ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: S.S.Preetha (Audit Officer, On 29-10-2021)<br>Last Updated By: Naseer S (Computer Assistant, On 16-07-2022) | 1-20 |
| 23 | തെരുവ് വിളക്കുകളുടെ ഇലക്ട്രിസിറ്റി ചാർജ് ഇനത്തിൽ വൻ തുക ചെലവഴിക്കുന്നു - സംയുക്ത പരിശോധന അനിവാര്യം.<br>Written By: S.S.Preetha (Audit Officer, On 29-10-2021)<br>Last Updated By: Santhosh N (Computer Assistant, On 29-06-2022) | 1-21 |
| 24 | എൽ.ഇ.ഡി. ട്യൂബ് സെറ്റുകൾ ഉപയോഗരഹിതമായി സൂക്ഷിച്ചിരിക്കുന്നു.<br>Written By: S.S.Preetha (Audit Officer, On 29-10-2021)<br>Last Updated By: Santhosh N (Computer Assistant, On 29-06-2022) | 1-22 |
| 25 | കുഴൽകിണർ നിർമ്മാണം - വിനിയോഗ വിവരം ഹാജരാക്കിയില്ല.<br>Written By: S.S.Preetha (Audit Officer, On 29-10-2021)<br>Last Updated By: Santhosh N (Computer Assistant, On 29-06-2022) | 1-23 |
| 26 | നിക്ഷേപ പ്രവൃത്തി - കേരള വാട്ടർ അതോറിറ്റി - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുക.<br>Written By: S.S.Preetha (Audit Officer, On 29-10-2021)<br>Last Updated By: Santhosh N (Computer Assistant, On 29-06-2022) | 1-24 |
| 27 | ഗ്രാമപഞ്ചായത്തിലെ നികുതി പിരിവ് സംബന്ധിച്ച് അനൗൺസ്മെന്റ് നടത്തിയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ 17,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Anilkumar S (Senior Grade Auditor, On 29-10-2021)<br>Last Updated By: Santhosh N (Computer Assistant, On 29-06-2022) | 1-25 |
| 28 | മുറിച്ച മരങ്ങൾ ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയിട്ടില്ല.<br>Written By: Anilkumar S (Senior Grade Auditor, On 29-10-2021)<br>Last Updated By: Santhosh N (Computer Assistant, On 30-06-2022) | 1-26 |
| 29 | മഴക്കാലപൂർവ്വ ശുചീകരണം -66,000/-രൂപയുടെ ചെലവ് ഓഡിറ്റ് തടസപ്പെടുത്തുന്നു.<br>Written By: Anilkumar S (Senior Grade Auditor, On 29-10-2021) | 1-27 |

| | | |
|---|---|---|
| | Last Updated By: Santhosh N (Computer Assistant, On 30-06-2022) | |
| 30 | ലൈഫ് ഭവനപദ്ധതി - ഭവന നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കേണ്ടതാണ്.<br>Written By: Anilkumar S (Senior Grade Auditor, On 29-10-2021)<br>Last Updated By: Santhosh N (Computer Assistant, On 18-07-2022) | 1-28 |
| 31 | എസ്. സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - അർഹതാ മാനദണ്ഡം പാലിച്ചില്ല<br>Written By: Ranjith Kumar G (Audit Officer (HG), On 29-10-2021)<br>Last Updated By: Naseer S (Computer Assistant, On 16-07-2022) | 1-29 |
| 32 | കോവിഡ്-19 - മരുന്ന് വാങ്ങിയതിന്റെ രേഖകൾ പൊരുത്തപ്പെടാത്തതിനാൽ 1,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Anilkumar S (Senior Grade Auditor, On 29-10-2021)<br>Last Updated By: Santhosh N (Computer Assistant, On 18-07-2022) | 1-30 |
| 33 | മാർക്കറ്റ് ലേലം - തുക പൂർണ്ണമായും ഒടുക്കുന്നില്ല<br>Written By: Rajasree.C.R (Auditor, On 30-10-2021)<br>Last Updated By: Naseer S (Computer Assistant, On 16-07-2022) | 1-31 |
| 34 | കുടുംബശ്രീ വിപണനകേന്ദ്രം വാടകയ്ക്ക് നൽകിയില്ല - പഞ്ചായത്തിന് വരുമാനനഷ്ടം<br>Written By: Rajasree.C.R (Auditor, On 30-10-2021)<br>Last Updated By: Naseer S (Computer Assistant, On 16-07-2022) | 1-32 |
| 35 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ<br>Written By: Rajasree.C.R (Auditor, On 31-10-2021)<br>Last Updated By: Santhosh N (Computer Assistant, On 29-06-2022) | 1-33 |
| 36 | തുടർ സാക്ഷരതാ വിദ്യാഭ്യാസം -തുടർ നിരീക്ഷണം ഉണ്ടാകുന്നില്ല.<br>Written By: Rajasree.C.R (Auditor, On 31-10-2021)<br>Last Updated By: Santhosh N (Computer Assistant, On 29-06-2022) | 1-34 |
| 37 | ഗുണഭോക്തൃ ലിസ്റ്റ് ഇല്ലാതെ ആനുകൂല്യ വിതരണം<br>Written By: Ranjith Kumar G (Audit Officer (HG), On 01-11-2021)<br>Last Updated By: Naseer S (Computer Assistant, On 16-07-2022) | 1-35 |
| 38 | തൊഴിലുറപ്പ് പദ്ധതി - അവലോകനം<br>Written By: Ranjith Kumar G (Audit Officer (HG), On 01-11-2021)<br>Last Updated By: Naseer S (Computer Assistant, On 16-07-2022) | 1-36 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | എസ്. സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - അർഹതാ മാനദണ്ഡം പാലിച്ചില്ല<br>Written By: Ranjith Kumar G (Audit Officer (HG), On 29-10-2021)<br>Last Updated By: Santhosh N (Computer Assistant, On 18-07-2022) | 3-1 |
| 2 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ - പരസ്യചെലവ് ചട്ടവിരുദ്ധം - ചെലവ് അംഗീകരിക്കുന്നില്ല<br>Written By: Anilkumar S (Senior Grade Auditor, On 29-10-2021)<br>Last Updated By: Santhosh N (Computer Assistant, On 30-06-2022) | 3-2 |
| 3 | അംഗൻവാടികൾക്ക് വാട്ടർ ടാങ്ക്, സ്റ്റീൽ പാത്രങ്ങൾ വാങ്ങൽ - ഉയർന്ന ക്വട്ടേഷൻ പ്രകാരം വാങ്ങിയതിനാൽ അധികം നൽകിയ 5,340/രൂപ നിരാകരിക്കുന്നു<br>Written By: Anilkumar S (Senior Grade Auditor, On 29-10-2021)<br>Last Updated By: Santhosh N (Computer Assistant, On 18-07-2022) | 3-3 |
| 4 | വാല്യുവേഷനേക്കാൾ അധികം നൽകിയ തുക നിരാകരിക്കുന്നു - | 3-4 |

| | | |
|---|---|---|
| | 25,000/-രൂപ<br>Written By: Ranjith Kumar G (Audit Officer (HG), On 01-11-2021)<br>Last Updated By: Santhosh N (Computer Assistant, On 30-06-2022) | |
| 5 | ഗുണഭോക്തൃ ലിസ്റ്റ് ഇല്ലാതെ ആനുകൂല്യ വിതരണം<br>Written By: Santhosh N (Computer Assistant, On 30-06-2022)<br>Last Updated By: Naseer S (Computer Assistant, On 16-07-2022) | 3-5 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Rajasree.C.R (Auditor, On 24-10-2021)<br>Last Updated By: Santhosh N (Computer Assistant, On 30-06-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Rajasree.C.R (Auditor, On 24-10-2021)<br>Last Updated By: Santhosh N (Computer Assistant, On 30-06-2022) | 4-2 |
| 3 | നിക്ഷേപ പ്രവ്യത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Rajasree.C.R (Auditor, On 24-10-2021)<br>Last Updated By: Santhosh N (Computer Assistant, On 30-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Rajasree.C.R (Auditor, On 24-10-2021)<br>Last Updated By: Santhosh N (Computer Assistant, On 30-06-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Rajasree.C.R (Auditor, On 24-10-2021)<br>Last Updated By: Santhosh N (Computer Assistant, On 18-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Rajasree.C.R (Auditor, On 24-10-2021)<br>Last Updated By: Santhosh N (Computer Assistant, On 30-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Rajasree.C.R (Auditor, On 24-10-2021)<br>Last Updated By: Santhosh N (Computer Assistant, On 30-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Rajasree.C.R (Auditor, On 24-10-2021)<br>Last Updated By: Naseer S (Computer Assistant, On 16-07-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Rajasree.C.R (Auditor, On 24-10-2021)<br>Last Updated By: Santhosh N (Computer Assistant, On 30-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Rajasree.C.R (Auditor, On 24-10-2021)<br>Last Updated By: Santhosh N (Computer Assistant, On 30-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Rajasree.C.R (Auditor, On 24-10-2021)<br>Last Updated By: Santhosh N (Computer Assistant, On 18-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

21.03.20 തീയതിയിലെ 1 (1) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 15.02.2021 തീയതിയിലെ 9(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 30.07.21 | 11.05.2021 | - | - |

### 1-2-1 വാർഷിക കണക്കുകളിലെ അപാകതകൾ

1. വസ്തുനികുതി അരിയർ ഡിമാൻഡ് കളക്ഷൻ ബാലൻസ് തുകകൾ വാർഷിക കണക്കും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

2. ബാലൻസ് ഷീറ്റ് ബി.4-ഷെഡ്യൂൾ ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് നീക്കിയിരിപ്പ തുകയും ട്രഷറി TSB Joint Venture അക്കൗണ്ട് നീക്കിയിരിപ്പ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

3. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4. സമ്പൂർണ്ണ ശുചിത്വം RP40(b) പ്രകാരം 55,45,691/-രൂപയും 2020-21 ലെ ട്രയൽ ബാലൻസ് പ്രകാരം 56,04,691/-രൂപയുമാണ്. 59,000/-രൂപ വ്യത്യാസം കാണുന്നു.

5. സമ്പൂർണ്ണ ശുചിത്വം ചെലവ് അക്കൗണ്ട്സ് പ്രകാരം 2,35,439/-രൂപയും (RP40A&B) സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 2,09,439/-രൂപയുമാണ്. ഷെഡ്യൂൾ 1(6) പ്രകാരം ചെലവ് 2,94,439/-രൂപയാണ്.

6. നിക്ഷേപ പ്രവൃത്തികൾക്കായി ചെലവഴിച്ച തുക 3,57,133/-രൂപയാണ്. അക്കൗണ്ട്സ് പ്രകാരം ടി തുക 3,39,373/-രൂപയാണ്.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,78,49,178/-രൂപ |
| വരവ് | 10,45,30,074/-രൂപ |
| ആകെ | 13,23,79,252/-രൂപ |
| ചെലവ് | 10,32,66,347/-രൂപ |
| നീക്കിയിരിപ്പ് | 2,91,12,905/-രൂപ |
| വരവിനങ്ങളിലെ നഷ്ടം | 0 |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 11,17,434/-രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 24,34,867/-രൂപ |

### 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ | കുറിപ്പ് |
|---|---|---|---|---|---|---|

| | (രൂപ) | (രൂപ) | (രൂപ) | (രൂപ) | ലാപ്സായ തുക (രൂപ) | |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 1,68,36,750/- | 1,68,36,750/- | 1,68,13,677/- | 23,073/- | - |
| വികസനഫണ്ട് (എസ്.സി.പി) | 0 | 1,26,94,000/- | 1,26,94,000/- | 1,19,88,014/- | 7,05,986/- | - |
| വികസനഫണ്ട് (റ്റി. എസ്.പി) | 0 | 0 | 0 | 0 | 0 | - |
| ധനകാര്യ കമ്മിഷൻ ഗ്രാന്റ് | 0 | 1,33,59,724/- | 1,33,59,724/- | 1,09,08,065/- | 24,51,659/- | - |
| ധനകാര്യ കമ്മിഷൻ ഗ്രാന്റ് (Tied) | | 65,50,000/- | 65,50,000/- | 12,59,898/- | 52,90,102/- | |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 2,47,62,000/- | 2,47,62,000/- | 2,47,62,000/- | 0 | - |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 0 | 49,83,084/- | 49,83,084/- | 49,83,084/- | 0 | - |
| | | | | | | |
| ലൈഫ് മിഷൻ-സ്റ്റേറ്റ് ഷെയർ | 8,00,000/- | 6,00,000/- | 14,00,000/- | 9,80,000/- | 4,20,000/- | |
| ശുചിത്വമിഷൻ ഗ്രാന്റ് | 0 | 1,80,000/- | 1,80,000/- | 1,80,000/- | 0 | |
| സാക്രമിക രോഗ നിരോധന ഗ്രാന്റ് | 0 | 1,30,450/- | 1,30,450/- | 1,30,450/- | 0 | |
| | | | | | | |
| ICDS | 11,45,790/- | 13,01,843/- | 24,47,633/- | 13,28,918/- | 11,18,715/- | |
| MNREGS | 37,000/- | 14,98,346/- | 15,35,346/- | 15,03,820/- | 31,526/- | |
| സമ്പൂർണ്ണ ശുചിത്വം | 55,45,691/- | 29,28,157/- | 84,73,848/- | 2,35,439/- | 82,38,409/- | |
| സാക്ഷരത | 2,24,678/- | 6,173/- | 2,30,851/- | 0 | 2,30,851/- | |

### 1-4-1 കേന്ദ്ര-സംസ്ഥാനാവിഷ്കൃത ഫണ്ടുകളുടെ വിനിയോഗം - ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകത.

ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ് പ്രകാരം സെൻട്രൽ സ്പോൺസേർഡ് സ്കീം, സ്റ്റേറ്റ് സ്പോൺസേർഡ് സ്കീം മുള്ള കണക്കുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാ-ക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 234 | 21,22,60,419/- | 195 | 8,67,67,133/- | 0 | 39 | 83.33 |

### 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണചെലവുകൾ | 37,000/- | 14,98,346/- | 15,35,346/- | 15,03,820/- | 31,526/- |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 6,24,25,207/- | 6,24,25,207/- | 6,24,25,207/- | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 50,160/- | 71 |
| കർഷകതൊഴിലാളി പെൻഷൻ | 12,07,700/- | 76 |
| വിധവാപെൻഷൻ | 1,86,35,900/- | 1292 |
| വാർദ്ധക്യകാലപെൻഷൻ | 3,47,25,000/- | 2586 |
| വികലാംഗപെൻഷൻ | 70,53,100/- | 457 |
| അവിവാഹിതയായിട്ടുള്ള 50 വയസ്സ് കഴിഞ്ഞവർക്കുള്ള പെൻഷൻ | 2,45,800/- | 17 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 4,50,000/- | 15 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.10.2021 തീയതിയിൽ 3.00pm ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 74,269/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുന്ന മാനവൽ രസീതുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തുന്നില്ല. ഒരു സാമ്പത്തിക വർഷം ഉപയോഗിച്ച രസീതു ബുക്കിലെ ഉപയോഗിക്കാത്ത രസീതുകൾ ക്യാൻസൽ ചെയ്യുന്നില്ല. രസീതുകൾ ക്യാൻസൽ ചെയ്യുമ്പോൾ കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ക്രീയാത്മക നടപടികൾ സ്വീകരിക്കുന്നില്ല. മാർക്കറ്റ് ഫീസ് ലേലം കൊണ്ടതിൽ തുക നാളിതുവരെ പൂർണ്ണമായും ഒടുക്കവരുത്തിയില്ല. ലേല വ്യവസ്ഥകൾ പാലിക്കാതെയാണ് ലേലം നടത്തുന്നത്. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ജില്ലാപഞ്ചായത്ത് നിർമ്മിച്ച നൽകിയ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം പൂർത്തിയാക്കി വർഷങ്ങൾ കഴിഞ്ഞിട്ടും വാടകയ്ക്ക് നൽകിയില്ല. സ്ത്രീ ശാക്തീകരണ കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന യു.ഐ.ടി. യിൽ നിന്നും ലക്ഷക്കണക്കിനു രൂപ ലഭ്യമാകാൻ അവശേഷിക്കുന്നു. അനധികൃത കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും യു.എ. നമ്പർ നൽകി വസ്തു നികുതി ഈടാക്കിയില്ല.

ആസ്തി രജിസ്റ്റർ കാലികമല്ല. ആസ്തി രജിസ്റ്ററിൽ ചേർക്കുന്ന എൻട്രികൾ ഏത് വർഷവുമായി ബന്ധപ്പെട്ടതാണെന്ന് കൃത്യമായി രേഖപ്പെടുത്തുന്നില്ല. റോഡ് കണക്ടിവിറ്റി പ്ലാൻ, സോഷ്യൽ മാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്കരിച്ച് ആസൂത്രണസമിതിയുടെ അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറികിട്ടിയ വിവിധ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥർ മുഖേനയാണ് നിർവ്വഹണം നടത്തുന്നത്. മേഖലാടിസ്ഥാനത്തിൽ അതാത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണഘട്ടത്തിലെ മോണിറ്ററിംഗ് നടത്തേണ്ടത്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ എല്ലാ പദ്ധതികളുടെയും ഫയലുകളിൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് നടത്തിയതിന്റെ രേഖകൾ ഇല്ല. പഞ്ചായത്ത് കമ്മിറ്റിയുടെയും, വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയും ഭാഗത്തുനിന്നും പദ്ധതി നിർവ്വഹണ അധികാരികൾക്കുമേൽ, പദ്ധതി നിർവ്വഹണം സംബന്ധമായി, കൂടുതൽ കാര്യക്ഷമമായ മേൽനോട്ടവും നിയന്ത്രണങ്ങളുമുണ്ടാകേണ്ടതുണ്ട്.

കണക്കുകളുടെ റീകൺസീലിയേഷൻ കൃത്യമായി നടത്തി സൂക്ഷിച്ചിട്ടുണ്ട്.

വിവിധ ഏജൻസികൾ വഴി നിർവ്വഹണം സാദ്ധ്യമാക്കുന്ന പദ്ധതികളിൽ, പദ്ധതിതുക നിക്ഷേപിച്ച ശേഷമുള്ള തുടർ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിലും അവയുടെ സമയബന്ധിതവും കാര്യക്ഷമവുമായ പൂർത്തീകരണത്തിലും അധികൃതർ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതായിട്ടുണ്ട്. തെരുവു വിളക്കിന്റെ പരിപാലനം പോലുള്ള പദ്ധതി നിർവ്വഹണം സംബന്ധമായ നടപടിക്രമങ്ങളിൽ അധികൃതരുടെ ഭാഗത്തുനിന്നും കൂടുതൽ ജാഗ്രതയുണ്ടാകേണ്ടതുണ്ട്. തെരുവ് വിളക്കുകളുടെ വാങ്ങൽ നടപടികളിൽ ആവശ്യകത കണക്കിലെടുക്കാതെ സ്ഥാപനത്തിന് സപ്ലൈ ഓർഡർ നല്കുന്നതായി ഫയൽ പരിശോധനയിൽ വ്യക്തമായി. കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തിന് (363 പെൻഡന്റ് ഹോൾഡർ, 18 മീറ്റർ അലുമിനിയം വയർ 1.5 എം.എം.) സപ്ലൈ ഓർഡർ നല്കിയെങ്കിലും സ്ഥാപനം മേൽ സൂചിപ്പിച്ച ഇനങ്ങൾ സപ്ലൈ ചെയ്തില്ല. തുടർ കാലയളവിൽ മേൽ സൂചിപ്പിച്ച ഇനങ്ങൾ വാങ്ങിയിട്ടില്ലയെന്നുള്ളത് ആവശ്യകത പരിഗണിക്കാതെ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് വാങ്ങൽ നടത്തുന്നുവെന്നുള്ളതിന് തെളിവാണ്. വാങ്ങൽ സമിതിയുടെ കൃത്യമായ ഇടപെടൽ പ്രസ്തുത വിഷയത്തിൽ ക്ഷണിക്കുന്നു. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാതെയുള്ള പദ്ധതി നിർവ്വഹണം-പഞ്ചായത്ത് രാജ് ചട്ടങ്ങളുടെ ലംഘനം (ഖണ്ഡിക നമ്പർ 1-37) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാതെ അപേക്ഷ നല്കിയവർക്ക് തുറന്ന കിണർ പദ്ധതിയിൽ ആനുകൂല്യം നല്കി. പദ്ധതിക്ക് മോണിറ്ററിംഗ് ഇല്ലായിരുന്നു.

യോഗ്യത നിർണ്ണയ രേഖകൾ പരിശോധിക്കാതെ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം നടത്തിയത് നിർവ്വഹണോദ്യോഗസ്ഥന്റെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. (ഖണ്ഡിക നമ്പർ 1-30) ആനുകൂല്യ വിതരണത്തിൽ ഡേറ്റാ ബാങ്ക് സൂക്ഷിക്കാത്തത് ഒരേ വ്യക്തിക്ക് തന്നെ തുടർ വർഷങ്ങളിലും ഇതേ ആനുകൂല്യം നല്കാനുള്ള സാഹചര്യം നിലനിർത്തുന്നു.

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച്, നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ ആഭ്യന്തര നിയന്ത്രണ സംവിധാനം നിലനിൽക്കുന്നു എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.11.2020 | 01/2020- 03/2020 | 12.01.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.09.2016 – 14.10.2016 | 2011-12 To 2015-16 | 14.08.2017 |

1-11 ഓഡിറ്റോറിയങ്ങളും കൺവെൻഷൻ സെന്ററുകളും അനധികൃതമായി പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്തിലെ 14-ാം വാർഡിൽ പ്രവർത്തിക്കുന്ന സംസം പാലസ്, HMJ കൺവെൻഷൻ സെന്റർ, 17-ാം വാർഡിലെ മാർ ബസേലിയസ് ഗ്രിഗോറിയസ് ചർച്ച് ഓഡിറ്റോറിയം എന്നീ കെട്ടിടങ്ങൾ അനധികൃതമായി പ്രവർത്തിക്കുന്നതായി ബോധ്യപ്പെട്ടു. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് 'Unauthorised' കെട്ടിട നമ്പർ അനുവദിച്ച് 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 235എ.എ.(1) വകുപ്പ് പ്രകാരം വസ്തുനികുതി നിർണ്ണയിക്കേണ്ടതും, 235എ.എ.(2) (3) (4) (5) നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഈ നടപടികൾ കെട്ടിടത്തിന്റെ ഉടമസ്ഥനെതിരെ 235 ഡബ്ല്യൂ വകുപ്പ് പ്രകാരമുള്ള നടപടിയെടുക്കുന്നതിന് തടസ്സമല്ലാത്തതും കെട്ടിടം പൊളിച്ചുമാറ്റുന്നതുവരെ ഇപ്രകാരം വസ്തുനികുതി ഈടാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പരാമർശിത കെട്ടിടങ്ങളിൽ HMJ കൺവെൻഷൻ സെന്റർ ക്രമവത്കരിക്കുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് സെക്രട്ടറി 31/08/2019ൽ എ3-5208/2019 നമ്പർ കത്ത് പ്രകാരം അറിയിക്കുകയും, ക്രമവത്കരണ നടപടികൾക്ക് അപേക്ഷ നൽകാത്തതിനാൽ 20/08/2019ലെ താത്കാലിക ഉത്തരവിലൂടെ കെട്ടിടം പൊളിക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. ഇതിന് 17/10/2019ൽ ഹനാഫി ജമാഅത്ത് സമർപ്പിച്ച മറുപടിയോടൊപ്പം നൽകിയ റവന്യൂ വകുപ്പിന്റെ 02/08/2006ലെ ഉത്തരവിൽ (ജി.ഒ(ആർ.റ്റി.)നം. 3525/06/ആർ.ഡി) 713.15$m^2$ വിസ്തീർണ്ണമുള്ള ടി കെട്ടിടത്തിന് ഒറ്റത്തവണ നികുതിയായി 50,400/-രൂപ ശാസ്താംകോട്ട തഹസീൽദാർ നിർണ്ണയിച്ച് നൽകിയ നികുതി ഒഴിവാക്കിയിട്ടുണ്ട്. ഇതിൽ നിന്ന് കെട്ടിടം 2006ൽ തന്നെ നിലവിലുണ്ടായിരുന്നതെന്നും, അന്നു മുതൽ ലൈസൻസോ, കെട്ടിട നികുതിയോ ഒടുക്കാതെ അനധികൃതമായി പ്രവർത്തിക്കുന്നതാണെന്നും വ്യക്തമാണ്. 2006ന് മുൻപ് നിർമ്മിച്ചതിനാൽ KMBR, KPPBR ചട്ടങ്ങൾ പ്രാബല്യമില്ലായിരുന്നു. എന്നാൽ ടി കെട്ടിടങ്ങൾ പിൽക്കാലങ്ങളിൽ നടത്തിയിട്ടുള്ള കൂട്ടിച്ചേർക്കലുകളോ, മറ്റ് നിർമ്മാണ പ്രവൃത്തികളോ KPBR ചട്ടങ്ങൾക്കനുസൃതമായി ക്രമവത്കരിക്കുകയോ പൊളിച്ചുമാറ്റുകയോ ചെയ്യുന്നതിനും, ആവശ്യമായ പരിശോധനകൾ നടത്തി നടപടികൾ സ്വീകരിച്ച് രേഖകൾ ലഭ്യമാക്കേണ്ടതാണ്. നിലവിലുണ്ടായിരുന്ന 713.15$m^2$ കെട്ടിടത്തിന്റെ നികുതി നിർണ്ണയിക്കുകയും കാലാകാലങ്ങളിൽ പ്രവർത്തനത്തിനാവശ്യമായ ലൈസൻസുകൾ ലഭ്യമാക്കിയും രേഖകൾ ലഭ്യമാക്കേണ്ടതാണ്.

മറ്റു രണ്ട് കെട്ടിടങ്ങളായ സംസം പാലസ്, മാർ ഗ്രിഗോറിയസ് ചർച്ച് ഓഡിറ്റോറിയം എന്നിവയുടെ നിർമ്മാണ കാലയളവ് കണ്ടെത്തി KPBR ചട്ടങ്ങൾക്കനുസൃതമായി ക്രമവത്കരണ നടപടികൾ സ്വീകരിച്ചും നികുതി നിർണ്ണയം നടത്തിയും ലൈസൻസ് ഈടാക്കിയും രേഖകൾ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 24/28-10-2021 .

1-12 വാല്യൂവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നം. 152/21 – പഠനമുറി.

നിർവ്വഹണാധികാരി – അസിസ്റ്റന്റ് സെക്രട്ടറി.

അടങ്കൽ - 9,00,000/-രൂപ (എസ്.സി.പി.).

ചെലവ് തുക 7,00,000/-രൂപ.

ബിൽ നം. 3/29-7/19.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ അംഗങ്ങളായതും, 800 സ്ക്വയർ ഫീറ്റിൽ കുറവായ ഭവന ഏരിയ ഉള്ളതുമായ കുടുംബങ്ങൾക്ക് 100 സ്ക്വയർ ഫീറ്റിൽ കവിയാതെ പഠനമുറി നിർമ്മിക്കാൻ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ പരമാവധി 1,50,000/- രൂപ നൽകാനായിരുന്നു പദ്ധതി.

അനിത, കാർത്തിക ഭവനം - വാർഡ് - 11 എന്ന ഗുണഭോക്താവിനു നിർമ്മാണ ചെലവിനത്തിൽ 1,50,000/-രൂപ ആനുകൂല്യമായി നൽകിയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ആദ്യഗഡു 50,000/-രൂപ, ബിൽ നം. 5/16.10.19

രണ്ടാം ഗഡു 50,000/-രൂപ, ബിൽ നം. 09/30.10.19

മൂന്നാം ഗഡു - 50,000/-രൂപ, ബിൽ നം. 05/22.10.20

വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെയാണ് ടി തുക നൽകിയിരിക്കുന്നത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 21/20-21, തീയതി 27-10-21 നു മറുപടി ലഭ്യമാക്കിയില്ല. വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ ചെലവ് തുക 1,50,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-13 വാല്യുവേഷനേക്കാൾ അധികം നൽകിയ തുക നിരാകരിക്കുന്നു - 25,000/-രൂപ

പ്രോജക്ട് നം. 236/21 – തുറന്ന കിണർ (എസ്.സി.പി.).
നിർവ്വഹണം – അസിസ്റ്റന്റ് സെക്രട്ടറി.
വികസന ഫണ്ട് - 18,00,000/-രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ് (സ്പെഷ്യൽ പർപ്പസ്).

പ്രസ്തുത പ്രോജക്ട് പ്രകാരം കിണർ നിർമ്മാണത്തിനായി പ്രോജക്ടിൽ 50,000/-രൂപയായിരുന്നു സബ്സിഡി വകയിരുത്തിയിരുന്നത്. ഗുണഭോക്താതാക്കൾക്ക് ആദ്യ ഗഡു അഡ്വാൻസ് നൽകുകയും കിണർ പൂർത്തീകരിച്ച് പഞ്ചായത്ത് മരാമത്ത് വിഭാഗം നൽകുന്ന വാല്യുവേഷന്റെ അടിസ്ഥാനത്തിൽ സബ്സിഡി 50,000/-രൂപയിൽ നിജപെടുത്തി നൽകുകയായിരുന്നു. എന്നാൽ രാജേഷ്, വള്ളി തുണ്ടിൽ വീട്, വാർഡ് നം. 5, എന്ന ഗുണഭോക്താവിനു 49,627/-രൂപയുടെ വാല്യുവേഷനുള്ള കിണറിനു 74,627/-രൂപ നൽകിയിരിക്കുന്നു. അധികമായി നൽകിയ 25,000/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

നൽകിയ തുകയുടെ വിശദാംശങ്ങൾ
ആദ്യഗഡു 25,000/-രൂപ, ബിൽ നം. 9/15 -02-21.
രണ്ടാം ഗഡു 49,627/-രൂപ, ബിൽ നം. 12/18-3-21.

അധികമായി നൽകിയ തുക നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് സെക്രട്ടറിയിൽ നിന്ന് ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.
ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 16/20-21, തീ. 26.10.21ന് മറുപടി ലഭ്യമായില്ല
നിരാകരിക്കുന്ന തുക – 25,000/-രൂപ .

1-14 കിണർ നിർമ്മാണം - ആദ്യഗഡു കൈപ്പറ്റിയിട്ടു പ്രവൃത്തി പൂർത്തീകരിച്ചില്ല

പ്രോജക്ട് നം. 236/21 – തുറന്ന കിണർ (എസ്. സി.പി.)
നിർവ്വഹണോദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി.
അടങ്കൽ – 18,00,000/-രൂപ, ധനകാര്യകമ്മീഷൻ ഗ്രാന്റ് (സ്പെഷ്യൽ പർപ്പസ്).
ചെലവ് - 9,89,627/-രൂപ. (ബിൽ നം. 5/20-21, തീയതി 28-12-2020).

പ്രസ്തുത പ്രോജക്റ്റ് പ്രകാരം കിണർ നിർമ്മാണത്തിനു 50,000/-രൂപയായിരുന്നു സബ്സിഡി

വകയിരുത്തിയിരുന്നത്. ഗുണഭോക്താതാക്കൾക്ക് ആദ്യ ഗഡു അഡ്വാൻസ് നൽകുകയും കിണർ പൂർത്തീകരിച്ച് പഞ്ചായത്ത് മരാമത്ത് വിഭാഗം നൽകുന്ന വാല്യുവേഷന്റെ അടിസ്ഥാനത്തിൽ പരമാവധി സബ്സിഡി 50,000/- രൂപയിൽ നിജപ്പെടുത്തി നൽകാനായിരുന്ന പദ്ധതി ലക്ഷ്യമിട്ടിരുന്നത്. എന്നാൽ പ്രോജക്റ്റ് പ്രകാരം ആദ്യ ഗഡു കൈപ്പറ്റിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ കിണർ നിർമ്മാണം പൂർത്തീകരിച്ചില്ല.

| ക്രമ നം. | ഗുണഭോക്താവ് | തുക (₹) |
|---|---|---|
| 1 | രാജി, ചിറയുടെ തെക്കതിൽ, വാർഡ് നം – 16 | 25,000/- |
| 2 | ബാബു, ചിറയുടെ കിഴക്കതിൽ, വാർഡ് – 08 | 25,000/- |
| 3 | ജയശ്രീ, കല്ലൂർകുഴി മേലതിൽ, വാർഡ് – 9 | 25,000/- |
| 4 | സുലജ, മീനത്തേപുരയിൽ, വാർഡ് – 9 | 25,000/- |
| 5 | ശ്രീകല, ശ്രീഹരി ഭവനം, വാർഡ് - 17 | 25,000/- |
| 6 | ഗോപൻ, വലിയ മാടത്തിൽ, വാർഡ് – 08 | 25,000/- |
| 7 | സുഭാഷ്, ശ്രീനന്ദനം, വാർഡ് – 16 | 25,000/- |
| 8 | രഘു, പന്നീരയ്യത്ത്, വാർഡ് - 11 | 15,000/- |
| 9 | മോഹനൻ, ഇടമുകളിൽ, വാർഡ് – 05 | 25,000/- |
| 10 | ഗോപാലകൃഷ്ണൻ , സജിതാ ഭവനം, വാർഡ് - 18 | 30,000/- |
| 11 | ദേവകി, കാക്കാറ്റുത്ത് തെക്കേപുര, വാർഡ് – 08 | 25,000/- |
| 12 | ഉണ്ണി പ്രസാദ്, ഷീജ പ്രസാദ്, വാർഡ് - 3 | 25,000/- |
| 13 | രാധ, കാട്ടൂർ കിഴക്കതിൽ, വാർഡ് - 16 | 25,000/- |
| 14 | രാജി, നന്ദു ഭവനം, വാർഡ് - 16 | 25,000/- |

ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ച് പൂർത്തീകരണ രേഖകൾ ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 16/26.10.2021 ന് മറുപടി ലഭ്യമായില്ല.

1-15 ധനസഹായതുക കൈപ്പറ്റിയ ശേഷം പ്രവൃത്തി പൂർത്തീകരിച്ചില്ല

പ്രോജക്റ്റ് നം. 152/21 – (സ്പിൽഓവർ) പഠനമുറി.
നിർവ്വഹണം – അസിസ്റ്റന്റ് സെക്രട്ടറി.
അടങ്കൽ 9,00,000/-രൂപ.
ചെലവ്-7,00,000/-രൂപ.

ബിൽ നം. 2/20-4-20 തുക 3,50,000/-രൂപ.
ബിൽ നം. 5/19-8-20 തുക 2,00,000/-രൂപ.
ബിൽ നം. 8/16-2-20 തുക 50,000/-രൂപ.
ബിൽ നം. 10/26/2-20 തുക 1,00,000/-രൂപ.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ അംഗങ്ങളായതും, 800 സ്ക്വയർ ഫീറ്റിൽ കുറവായ ഭവന ഏരിയ ഉള്ളതുമായ കുടുംബങ്ങൾക്ക് 100 സ്ക്വയർ ഫീറ്റിൽ കവിയാതെ പഠനമുറി നിർമ്മിക്കാൻ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ പരമാവധി 1,50,000/-രൂപ നൽകാനായിരുന്ന പദ്ധതി.

മേൽ പ്രോജക്റ്റ് പ്രകാരം ആദ്യ ഗഡുക്കൾ കൈ പറ്റിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചില്ല.

1. സരസ്വതി, മീനത്തയ്യത്ത് (വാർഡ് - 11), 1,00,000/-രൂപ.

2. തങ്കച്ചി, സ്മിതാ ഭവനം (വാർഡ് - 4), 1,00,000/-രൂപ.

3. രാജൻ പടനിലത്ത് (വാർഡ് – 03), 1,00,000/-രൂപ.

4. സതി, ആര്യഭവനം (വാർഡ് - 7), 1,00,000/-രൂപ.
(ബാങ്ക് പാസ് ബുക്ക് ഫയലിൽ ചേർത്തിട്ടില്ല. തുക നൽകിയ അക്കൗണ്ട് നം. 67149919700)

5. അമ്പിളി, അമൽ ഭവനം (വാർഡ് – 10), 1,50,000/-രൂപ (വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമായില്ല).

മേൽ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കേണ്ടതും, പാസ് ബുക്ക് പകർപ്പ്, വാല്യുവേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതുമാണ്.

1-16 ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭേക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചില്ല.

പ്രോജക്റ്റ് നം. 7/21 – പഠനമുറി.

അടങ്കൽ – 15,00,000/-രൂപ (എസ്.സി.പി.).

ചെലവ് - 11,50,000/-രൂപ.

ബിൽ നം. 18/ 30.3.21- തുക 6,50,000/-രൂപ.

ബിൽ നം. 15/ 25.3.21- തുക 5,00,000/-രൂപ.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ കുടുംബങ്ങളിൽ 800 സ്ക്വയർ ഫീറ്റിൽ കുറവായ ഭവന ഏരിയ ഉള്ള കുടുംബങ്ങൾക്ക് 100 സ്ക്വയർ ഫീറ്റിൽ അധികരിക്കാതെ പഠനമുറി നിർമ്മിക്കാൻ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ പരമാവധി 1,50,000/-രൂപ നൽകാനായിരുന്നു പദ്ധതി. മേൽ പ്രോജക്റ്റ് പ്രകാരം ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചില്ല.

1. രമേശൻ, വള്ളത്ത് (വാർഡ് - 17), 1,00,000/-രൂപ (തുക നൽകിയ പാസ്ബുക്ക് പകർപ്പ് ഹാജരാക്കിയില്ല).

2. സുധ, തുളസി ഭവനം (വാർഡ് - 08), 1,00,000/-രൂപ.

3. സ്മിത, കല്ലൂർ ചരിഞ്ഞയ്യത്ത് വടക്കതിൽ (വാർഡ് – 09), 1,00,000/-രൂപ.

4. ലത, കിരണോദയം (വാർഡ് – 05), 1,00,000/-രൂപ (തുക നൽകിയ പാസ്ബുക്ക് പകർപ്പ് ഹാജരാക്കിയില്ല).

മേൽ ഗുണഭോക്താക്കൾ പ്രവൃത്തി പൂത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വികരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-17 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ - പരസ്യചെലവ് ചട്ടവിരുദ്ധം - ചെലവ് അംഗീകരിക്കുന്നില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങൾ ഉപഖണ്ഡിക 3 പ്രകാരം പഞ്ചായത്തുകൾ നിയമാനുസൃതമല്ലാത്ത പരസ്യം ചെയ്യുവാൻ പാടുള്ളതല്ല. എന്നാൽ 2020-21 വർഷത്തിൽ കോവിഡ് പ്രതിരോധപ്രവർത്തനങ്ങളും സുഭിക്ഷകേരളം പദ്ധതി സംബന്ധിച്ച്

പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുമായി ജനയുഗം, ദേശാഭിമാനി എന്നീ ദിനപത്രങ്ങളിൽ പരസ്യം നൽകിയതിന് 15,000/-രൂപ ചെലവഴിച്ചിരുന്നു. 26.06.2020 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ സാധാരണ യോഗത്തിൽ 10-ാം നമ്പർ അജണ്ടയായി ഉൾപ്പെട്ടിരുന്ന ടി ചെലവനുവാദം പഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനങ്ങളുമായോ, ലേലം തുടങ്ങിയ പ്രവർത്തനങ്ങളുമായോ ബന്ധപ്പെട്ട് നൽകുന്ന പത്രപ്പരസ്യങ്ങൾക്ക് മാത്രമേ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് ചട്ടം അനുശാസിക്കുന്നുള്ളൂവെന്നതിനാൽ, 15,000/-രൂപ ടിയിനത്തിൽ ചെലവഴിക്കുന്നത് ചട്ടവിരുദ്ധമാണെന്നും ആയതിനാൽ സെക്രട്ടറി വിയോജനവും രേഖപ്പെടുത്തിയിരുന്നു.

എന്നിരുന്നാലും ടി കമ്മിറ്റിയുടെ 10(10), 10(11) എന്നീ തീരുമാനങ്ങൾ പ്രകാരം വിയോജനക്കുറിപ്പ് മറികടന്ന് ചെലവ് നടത്തുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. തുടർന്ന് ടി തീരുമാനങ്ങൾ ഉൾപ്പെടെ സർക്കാരിനെ അറിയിച്ചുവെങ്കിലും മറുപടി ലഭിക്കാഞ്ഞതിനാൽ 08/09/2020ലെ അജണ്ട 5, തീരുമാനം 5/2 പ്രകാരം ടി ചെലവ് നടത്തുന്നതിന് തുക അനുവദിക്കുവാൻ യോഗം ഐക്യകണ്ഠേന തീരുമാനിച്ചതിന്റെയടിസ്ഥാനത്തിൽ 10/11/2020ൽ തുക നൽകിയിരുന്നു.

വിയോജനക്കുറിപ്പ് പരിഗണിക്കാതെ ചട്ടവിരുദ്ധമായി ചെലവ് ചെയ്ത 15,000/-രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടി ചെലവ് 08/09/2020ലെ യോഗത്തിൽ പങ്കെടുത്ത 16 അംഗങ്ങളിൽ നിന്നുമായി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്. ടി തുക 08/09/2020ലെ മീറ്റിംഗിൽ പങ്കെടുത്ത താഴെപ്പറയുന്ന 16 അംഗങ്ങളിൽ നിന്ന് ഈടാക്കി ഒടുക്കു വരുത്തേണ്ടതാണ്.

| ക്രമ നം. | വാർഡ് നം. | വാർഡിന്റെ പേര് | മെമ്പറുടെ പേര് |
|---|---|---|---|
| 1 | 2 | മലനട | രാധ |
| 2 | 3 | മൂവക്കോട് | അജിത |
| 3 | 4 | മണ്ണാറോഡ് | രാജൻ |
| 4 | 5 | ഇടയ്ക്കാട് | ജയപ്രസന്നൻ |
| 5 | 6 | കോളേജ് വാർഡ് | നമ്പൂരേത്ത് തുളസീധരൻ പിള്ള |
| 6 | 7 | വായനശാല വാർഡ് | ബിനീഷ് |
| 7 | 9 | ചാങ്ങയിൽ കാവ് | ഗീത |
| 8 | 10 | ബ്ലോക്ക് ഓഫീസ് വാർഡ് | അനിത കുമാരി |
| 9 | 11 | ശാസ്താംനട | ശ്രീദേവി |
| 10 | 12 | കമ്പലടി | ഷംസുദ്ദീൻ |
| 11 | 13 | മയിലാടുംകുന്ന് | ഷിബു |
| 12 | 14 | കമ്പലടി വടക്ക് | ഫിറോസ് ഖാൻ (ഫിറോസ് കെ പി) |
| 13 | 15 | മയ്യത്തുംകര | എ കെ രവി |
| 14 | 16 | പള്ളിമുറി | വിനോദ് കുമാർ |
| 15 | 17 | നടുവിലേമുറി | സഹദേവൻ പിള്ള വി (മധു) |
| 16 | 18 | വടക്കേമുറി | ഷീജ എസ് |

ഓഡിറ്റ് എൻക്വയറി നം. 12/26-10-2021 .

നിരാകരിച്ച തുക – 15,000/-രൂപ.

1-18 അംഗൻവാടികൾക്ക് വാട്ടർ ടാങ്ക്, സ്റ്റീൽ പാത്രങ്ങൾ വാങ്ങൽ - ഉയർന്ന ക്വട്ടേഷൻ പ്രകാരം വാങ്ങിയതിനാൽ അധികം നൽകിയ 5,340/രൂപ നിരാകരിക്കുന്നു

പ്രോജക്റ്റ് നമ്പർ - S0051/21.

അടങ്കൽ തുക - 50,000/-രൂപ (വികസനഫണ്ട്-ജനറൽ).

ചെലവ് - 50,000/-രൂപ.

നിർവ്വഹണം – ഐ.സി.ഡി.എസ്. സൂപ്പർവൈസർ.

2020-21 വർഷത്തിൽ മേൽ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ അംഗൻവാടികൾക്ക് വാട്ടർ ടാങ്ക് (500 Litre), സ്റ്റീൽ പാത്രങ്ങൾ എന്നിവ ഉയർന്ന നിരക്കിലുള്ള ക്വട്ടേഷൻ പ്രകാരമാണ് വാങ്ങിയിരിക്കുന്നത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| M/S.Tritech, Vazhuthakkadu | | Royal Enterprises, Perumpuzha | |
|---|---|---|---|
| വാട്ടർ ടാങ്ക് (500 Litre), ISI | ₹3,664/- | വാട്ടർ ടാങ്ക് (500 Litre) ISI/ISO | ₹3,490/- |
| സ്റ്റീൽ പാത്രം | ₹135/-(380g) | സ്റ്റീൽ പാത്രം | ₹99/- |

M/S.Tritech, Vazhuthakkadu എന്ന സ്ഥാപനത്തിന്റെ ഉയർന്ന നിരക്കിലുള്ള ക്വട്ടേഷൻ പ്രകാരം മേൽ സാധനങ്ങൾ വാങ്ങിയതിനാൽ 5,340/രൂപ നഷ്ടമുണ്ടായി. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| M/S.Tritech, Vazhuthakkadu | | Royal Enterprises, Perumpuzha | |
|---|---|---|---|
| വാട്ടർ ടാങ്ക് (500 Litre), ISI- | ₹36,640/- (എണ്ണം-10) | വാട്ടർ ടാങ്ക് (500 Litre) ISI/ISO | ₹34,900/- (എണ്ണം-10) |
| സ്റ്റീൽ പാത്രം | ₹13,500/- (എണ്ണം-100) | സ്റ്റീൽ പാത്രം | ₹9,900/- (എണ്ണം-100) |

ക്വട്ടേഷൻ പ്രകാരമുള്ള വ്യത്യാസം - വാട്ടർ ടാങ്ക് – ₹1,740/-(36640-34900).

സ്റ്റീൽ പാത്രം – ₹3,600/-(13500-9900)

ആകെ അധികം നൽകിയത് – ₹5,340/-

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സ്പെസിഫിക്കേഷൻ, ഗുണനിലവാരം, സ്റ്റീൽ പാത്രങ്ങളുടെ തൂക്കം എന്നിവ കൃത്യമായി ക്വട്ടേഷനിൽ രേഖപ്പെടുത്തിയതിനാലാണ് M/S.Tritech, Vazhuthakkadu എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയതെന്ന മറുപടിയാണ് ലഭ്യമാക്കിയത്. ഐ.സി.ഡി.എസ്. സൂപ്പർവൈസർ നൽകിയ ഇൻഡന്റിൽ സ്റ്റീൽ പാത്രങ്ങളുടെ തൂക്കം രേഖപ്പെടുത്തിയിട്ടില്ല. രണ്ട് സ്ഥാപനങ്ങളും ഇൻഡന്റിൽ സൂചിപ്പിച്ചിട്ടുള്ള സ്പെസിഫിക്കേഷൻ, ഗുണനിലവാരം എന്നിവയുള്ള വാട്ടർ ടാങ്കിന്റെ വിലയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ അധികം നൽകിയ 5,340/-രൂപയുടെ ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഇത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

എൻക്വയറി നം. 3/ 23.10.21.

1-19 സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ വൻ തുക അടവാക്കുന്നു - സംയുക്ത പരിശോധന അനിവാര്യം

പഞ്ചായത്ത് പരിധിയിൽ 2019-20, 2020-21 സാമ്പത്തിക വർഷത്തിൽ 274 ടാപ്പുകൾക്കായി പ്രതിമാസം വെള്ളക്കരമിനത്തിൽ തുക അസിസ്റ്റന്റ് എഞ്ചിനീയർ വാട്ടർ അതോറിറ്റി

ശാസ്താംകോട്ടയ്ക്ക് അടവാക്കുന്നുണ്ട്. 2019-20 ന് മുൻവർഷങ്ങളിൽ വെള്ളക്കരത്തിന്റെ ബില്ലുകൾ യഥാസമയം കിട്ടാതിരുന്ന സാഹചര്യത്തിൽ കുടിശ്ശിക ഉൾപ്പെടെ ബിൽ തുക അടയ്ക്കേണ്ടി വന്നതായി മിനിട്സ് പരിശോധനയിൽ വ്യക്തമാകുന്നു. 2019-20, 2020-21 വർഷത്തിൽ വെള്ളക്കരം കുടിശ്ശിക അടവാക്കാൻ പദ്ധതി വച്ചെങ്കിലും ടി പദ്ധതികൾക്ക് തുക ചെലവഴിച്ചിട്ടില്ല. കൃത്യമായ മോണിറ്ററിംഗിന്റെ അഭാവമാണ് ഇത്തരം സംഭവങ്ങൾ സൂചിപ്പിക്കുന്നത്.

അടിയന്തിരമായി സംയുക്ത പരിശോധനയിലൂടെ സ്ട്രീറ്റ് ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തി വെള്ളക്കരമിനത്തിലുള്ള ചെലവ് നിയന്ത്രിക്കേണ്ടതാണ്. പ്രവർത്തനക്ഷമവും പൊതുജനോപകാരപ്രദവുമായ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തി അർഹമായ തുക മാത്രമാണ് വെള്ളക്കരമിനത്തിൽ ഒടുക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഇത്തരം ടാപ്പുകളുടെ എണ്ണം രേഖപ്പെടുത്തുന്നതിനും വാട്ടർ ചാർജ്ജ് ഇനത്തിലെ ഒടുക്കുകൾ രേഖപ്പെടുത്തുന്നതിനുമുള്ള രജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടതുമാണ്. സംയുക്ത പരിശോധനയിലൂടെ വാട്ടർ ടാപ്പുകളുടെ എണ്ണം കണ്ടെത്തുകയും, ബില്ലുകൾ യഥാസമയം ലഭ്യമല്ലാതിരുന്നത് വാട്ടർ അതോറിറ്റിയുടെ ഭാഗത്തുള്ള വീഴ്ചയാണെങ്കിൽ ആയതിന്റെ പരാതി വിശദാംശം സഹിതം ബന്ധപ്പെട്ട അപ്പീൽ അതോറിറ്റിക്ക് നൽകുകയും വിശദമായ റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

1-20 ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

2020-21 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന ബില്ലുകൾ പ്രകാരം മയിലാടും കുന്ന് വാർഡിലെ (വാർഡ്-3) ഗതാഗതത്തിന് തടസ്സമായി നില്ക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനായി വിവിധ പ്രോജക്ടുകൾ പ്രകാരം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി തുക വകയിരുത്തി കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷൻ ശൂരനാട്, കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷൻ കടമ്പനാട് എന്നിവിടങ്ങളിൽ നിക്ഷേപിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് നമ്പർ/ ഫണ്ട് | ബിൽ നം./ ചെക്ക് നം./തീയതി | ചെലവ് തുക (₹) ഫണ്ട് ഇനം | സ്ഥാപനം/കുറിപ്പുകൾ |
|---|---|---|---|---|
| 1 | എസ്.ഒ.124/2021 പ്രകാരം 2,00,000/-രൂപ (ധനകാര്യ കമ്മിഷൻ ഗ്രാന്റ്) | 24/20-21<br>23.10.2020 | 15439/-<br>(ധനകാര്യ കമ്മിഷൻ ഗ്രാന്റ്) | കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ, ശൂരനാട് |
| 2 | | 43/20-21<br>23.03.2021 | 22,293/-<br>(ധനകാര്യ കമ്മിഷൻ ഗ്രാന്റ്) | കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ, ശൂരനാട് |
| 3 | | 13/20-21<br>19.06.2020 | 17,760/-<br>(ധനകാര്യ കമ്മിഷൻ ഗ്രാന്റ്) | കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ, ശൂരനാട് 11,024/-രൂപ<br>കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ, കടമ്പനാട് 6,736/-രൂപ |
| | ആകെ | | 55,492/- | |

മേൽ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം, പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 28/28.10.2021) ആയവ ബന്ധപ്പെട്ട ഏജൻസികളിൽ നിന്നും വാങ്ങി സമർപ്പിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

പദ്ധതിയുടെ കൃത്യമായ പൂർത്തീകരണ വിവരവും തുകയുടെ വിനിയോഗ വിവരവും ലഭ്യമായിട്ടില്ലാത്തതിനാൽ 55,492/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-21 തെരുവ് വിളക്കുകളുടെ ഇലക്ട്രിസിറ്റി ചാർജ് ഇനത്തിൽ വൻ തുക ചെലവഴിക്കുന്നു - സംയുക്ത പരിശോധന അനിവാര്യം.**

പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ രജിസ്റ്റർ പരിശോധിച്ചതിൽ കടമ്പനാട് ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ 50 മീറ്ററേഡ് കണക്ഷനുകൾ, 1 അൺമീറ്ററേഡ്, 5 ഹൈമാസ്റ്റ് ലൈറ്റുകൾ, ശൂരനാട് ഇലക്ട്രിക്കൽ സെക്ഷനിൽ 19 മീറ്ററേഡ് കണക്ഷനുകൾ, 3 ഹൈമാസ്റ്റ് ലൈറ്റുകൾ, എന്നിവയാണുള്ളത്. പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവയുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഇലക്ട്രിസിറ്റി ചാർജ് ഇനത്തിൽ 2019-20 ൽ 18,52,330/- രൂപയും 2020-21 ൽ 18,42,684/- രൂപയുമാണ് ചെലവഴിച്ചിട്ടുള്ളത്. കടമ്പനാട്, ശൂരനാട് ഇലക്ട്രിക്കൽ സെക്ഷനുകളിൽ ചാർജ് ചെയ്യപ്പെടുന്ന തെരുവ് വിളക്കുകളുടെ ഇനം എണ്ണം എന്നിവയുടെ വിവരം ആവശ്യപ്പെട്ടെങ്കിലും ആയതിന്റെ രേഖകൾ ലഭ്യമല്ലായെന്ന് അറിയിച്ചു. സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിൽ മാത്രമേ കൃത്യമായ എണ്ണം അറിയാൻ സാധിക്കുകയുള്ളൂ. അടിയന്തിരമായി സംയുക്ത പരിശോധന നടത്തി ഇലക്ട്രിസിറ്റി ചാർജ് ഇനത്തിലുള്ള ചെലവിന്റെ കൃത്യത ഉറപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

**1-22 എൽ.ഇ.ഡി. ട്യൂബ് സെറ്റുകൾ ഉപയോഗരഹിതമായി സൂക്ഷിച്ചിരിക്കുന്നു.**

2018-19 സാമ്പത്തിക വർഷം കൊച്ചുമേലതിൽ ഏജൻസീസിൽ നിന്നും വാങ്ങിയ എൽ.ഇ.ഡി. ട്യൂബ് സെറ്റുകളിൽ 116 എണ്ണം നടപ്പ് സാമ്പത്തിക വർഷം വിതരണം ചെയ്യാൻ കഴിയാതെ സൂക്ഷിച്ചിരിക്കുന്നതായി തെരുവ് വിളക്കിന്റെ സ്റ്റോക്ക് പരിശോധനയിൽ കണ്ടെത്തി. പ്രസ്തുത വിഷയം സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് മറുപടി നല്കിയിട്ടുള്ളത് അനുബന്ധ സാമഗ്രികൾ തീർന്നുപോയതിനാൽ വിളക്കുകൾ ഉപയോഗിക്കാൻ കഴിഞ്ഞില്ലയെന്നും ഉടൻതന്നെ അനുബന്ധ സാമഗ്രികൾ വാങ്ങി പ്രവർത്തിപ്പിക്കാമെന്നുമാണ്. 1 വർഷം വാറന്റിയുള്ള വിളക്കുകൾ നാളിതു വരെ അനുബന്ധ സാമഗ്രികൾ വാങ്ങി പ്രവർത്തിപ്പിക്കാതിരുന്നത് കുറ്റകരമായ അനാസ്ഥയാണ്. ആവശ്യകത മനസ്സിലാക്കാതെയാണ് സാധനങ്ങൾ സമാഹരിക്കാൻ വാങ്ങൽ സമിതി തീരുമാനമെടുത്തിട്ടുള്ളതെന്നിതു വ്യക്തമാക്കുന്നു. നടപ്പ് സാമ്പത്തിക വർഷം നാളിതുവരെ അനുബന്ധ സാമഗ്രികളുടെ അഭാവത്തിൽ വിതരണം നടത്തിയിട്ടില്ലായെന്നത് മോണിറ്ററിംഗ് സമിതിയുടെ കൃത്യമായ ഇടപെടലിന്റെ അഭാവമാണെന്ന് വിലയിരുത്തുന്നു. അടിയന്തിരമായി തുടർനടപടി സ്വീകരിക്കേണ്ടതാണ്.

**1-23 കുഴൽകിണർ നിർമ്മാണം - വിനിയോഗ വിവരം ഹാജരാക്കിയില്ല.**

കുഴൽ കിണർ നിർമ്മാണം (ചക്കുവള്ളി മാർക്കറ്റ്), 2019-20 ൽ 2,15,936/-രൂപ ധനകാര്യ കമ്മിഷൻ ഗ്രാന്റ്, വകയിരുത്തി സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി പദ്ധതി രൂപീകരിക്കുകയും 2019-20 നിക്ഷേപിച്ച തുകയുടെ ബാക്കി തുക നിക്ഷേപിക്കുന്നതിനായി എസ്.ഒ.190/20-21 പ്രകാരം ടി ഫണ്ടിൽ നിന്നും 65,936/-രൂപ എക്സി. എഞ്ചിനീയർ, ഭൂജല വകുപ്പ്, കൊല്ലം പേർക്കും നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്.

പ്രവൃത്തി പൂർത്തീകരണം, തുകയുടെ വിനിയോഗം എന്നിവ സംബന്ധിച്ച രേഖകൾ ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള (28/2021 തീയതി. 28.10.2021) മറുപടിയിൽ ആയവ ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും വാങ്ങി

സമർപ്പിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. പദ്ധതിയുടെ കൃത്യമായ പൂർത്തീകരണ വിവരവും തുകയുടെ വിനിയോഗ വിവരവും ലഭ്യമായിട്ടില്ലാത്തതിനാൽ 65,936/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-24 നിക്ഷേപ പ്രവൃത്തി - കേരള വാട്ടർ അതോറിറ്റി - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുക.

കലതിവിള കുടിവെള്ള പദ്ധതി- (പ്രോജക്ട് നമ്പർ എസ്.ഒ.ഓ191/2020-21) സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി തുക 21,50,000/-രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്-8,46,040/-രൂപ, തനത് ഫണ്ട്-4,53,960/-രൂപ, ജില്ല വിഹിതം-8,50,000/-രൂപ) വകയിരുത്തുകയും, ബിൽ നമ്പർ 5/20-21 തീയതി. 19.05.2020 പ്രകാരം 8,46,040/-രൂപ, ബിൽ നമ്പർ 17/20-21 തീയതി. 27.08.2020 പ്രകാരം 7,60,000/-രൂപ, 2,93,960/-രൂപ (ട്രഷറി ചെക്ക് നമ്പർ 2938925) ഉൾപ്പെടെ ആകെ 19,00,000/- രൂപ ഡീറ്റയിൽഡ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി എച്ച് ഡിവിഷൻ, കേരള വാട്ടർ അതോറിറ്റി, കൊല്ലം നല്കുകിയിട്ടുണ്ട്.

പ്രവൃത്തി പൂർത്തീകരണം, തുകയുടെ വിനിയോഗം എന്നിവ സംബന്ധിച്ച രേഖകൾ ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള (26/2021 തീയതി 28.10.2021) മറുപടിയിൽ ആയവ ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും വാങ്ങി സമർപ്പിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

പദ്ധതിയുടെ കൃത്യമായ പൂർത്തീകരണ വിവരവും തുകയുടെ വിനിയോഗ വിവരവും ലഭ്യമായിട്ടില്ലാത്തതിനാൽ 19,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-25 ഗ്രാമപഞ്ചായത്തിലെ നികുതി പിരിവ് സംബന്ധിച്ച് അനൗൺസ്മെന്റ് നടത്തിയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ 17,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2020-21 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ നികുതി പിരിവ് സംബന്ധിച്ച് എല്ലാ വാർഡുകളിലും ക്യാമ്പ് കളക്ഷൻ നടത്തുന്നതിന് അനൗൺസ്മെന്റ് ചെയ്ത ചെലവ് 17,000/- (ചെക്ക്നം-002572/20.01.21) രൂപ ശ്രീഭദ്ര സൗണ്ട്സ്, അമ്പലത്തുംഭാഗം എന്ന സ്ഥാപനത്തിന് നൽകി. ക്വട്ടേഷൻ നടപടികളുടെ രേഖകൾ, വാഹനം ഓടിയതിന്റെ ട്രിപ്പ് ഷീറ്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയ ഫയലിൽ ഉൾപ്പട്ടിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ രേഖകളുടെ അഭാവത്തിൽ 17,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 17,000/-രൂപ .
എൻക്വയറി നം.-11/ 26-10-21.

## 1-26 മുറിച്ച മരങ്ങൾ ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയിട്ടില്ല.

2020-21 വർഷത്തിൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ നിന്നും മുറിച്ച മരങ്ങൾ ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയിട്ടില്ല. വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| മരം നിന്ന സ്ഥലം | കൂലിയിനത്തിൽ | ചെക്ക് നം./ |
| --- | --- | --- |

| | നൽകിയ തുക (₹) | തിയതി |
|---|---|---|
| മലനട ക്ഷേത്രത്തിന് സമീപമുള്ള ഇലവ് മരം | 9,950/- | 782249/3.8.20 |
| ഒന്നാം വാർഡിലെ തെങ്ങ് | 1,000/- | 782309/14.9.20 |
| ഇടയ്ക്കാട് ചാത്താംകുളം ജം. കിഴക്ക് പഞ്ചായത്ത് കിണറിന് സമീപമുള്ള മരം | 5,000/- | 818627/5.10.20 |
| കമ്പലടി എൽ. പി. സ്കൂൾ (മഹാഗണി, വാക) | 10,000/- | 818641/15.10.20 |
| ആകെ | 25,950/- | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ വാല്യുവേഷന് കത്ത് നൽകിയിട്ടുണ്ടെന്ന മറുപടിയാണ് ലഭ്യമാക്കിയത്. മുറിച്ച മരങ്ങൾ ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടി രേഖാമൂലം അറിയിക്കേണ്ടതാണ്.

എൻക്വയറി നം. 13/ 22-10-21.

1-27 മഴക്കാലപൂർവ്വ ശുചികരണം -66,000/-രൂപയുടെ ചെലവ് ഓഡിറ്റ് തടസപ്പെടുത്തുന്നു.

2020-21 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ 18 വാർഡുകളിലെ മഴക്കാലപൂർവ്വ ശുചികരണ പ്രവർത്തനങ്ങൾക്കായി ശുചിത്വമിഷൻ ഗ്രാന്റ് വാർഡൊന്നിന് 10,000/-രൂപ നിരക്കിൽ 1,80,000/-രൂപ (ചെക്ക് നം-002191/4.6.20) മെഡിക്കൽ ഓഫീസർക്ക് നൽകി. 18 വാർഡുകളിൽ 2, 4, 5, 6, 7, 12 എന്നീ വാർഡുകളിൽ ടി തുക ചെലവഴിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വാർഡ് 10 ൽ 4,000/-രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല, ആയതിനാൽ ചെലവ് രേഖകളുടെ അഭാവത്തിൽ 66,000/-രൂപ തടസ്സപ്പെടുത്തുന്നു. 2020-21 വർഷത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന 66,000/-രൂപ ബന്ധപ്പെട്ട അക്കൗണ്ടിൽ തിരിച്ചടച്ച് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം - 25/ 28-10-21.

1-28 ലൈഫ് ഭവനപദ്ധതി - ഭവന നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കേണ്ടതാണ്.

ലൈഫ് ഭവന പദ്ധതി (ജനറൽ).

പ്രോജക്റ്റ് നമ്പർ - SO37/21.

അടങ്കൽ തുക – 2,44,68,588/-രൂപ.

ചെലവ് - 44,80,000/-രൂപ.

(വികസന ഫണ്ട്-ജനറൽ – 14,96,268/-രൂപ,
സംസ്ഥാനാവിഷ്കൃത ഫണ്ട് – 3,00,000/-രൂപ,
ബ്ലോക്ക് പഞ്ചായത്ത് – 10,40,000/-രൂപ,
ജില്ലാ പഞ്ചായത്ത് – 3,43,732/-രൂപ,
മറ്റുള്ളവ – 13,00,000/-രൂപ)

2019-20 വർഷത്തിൽ ലൈഫ് ഭൂരഹിതഭവനപദ്ധതി പ്രകാരം താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങി നൽകുകയും 2020-21 വർഷത്തിൽ ഭവന നിർമ്മാണത്തിന് കരാറിൽ ഏർപ്പെട്ട് തുക നൽകിയെങ്കിലും നാളിതുവരെ വീട് പണി പൂർത്തികരിച്ചിട്ടില്ല. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പേരുവിവരം | കൈപ്പറ്റിയ തുക (₹) | ബിൽ / ചെക്ക് നം. |
|---|---|---|
| സരസ്വതി ദേവരാജൻ, | 40,000/- | 2/20-21/13.10.20 |

| | | |
|---|---|---|
| കണ്ണമത്ത് ലക്ഷംവീട് പോരുവഴി. | | |
| | 1,00,000/- | 4/20-21/12.11.20 |
| | 1,00,000/- | 818703/3.12.20 |
| | 50,000/- | 002548/8.1.21 |
| | 50,000/- | 275335/22.3.21 |
| രാധാമണിയമ്മ, സുജാതഭവനം അമ്പലത്തുംഭാഗം | 40,000/- | 14/20-21/ 24.3.21 |
| അംബിക, രംഗൻഭവനം, നടുവിലേമുറി | 40,000/- | 13/20-21/24.3.21 |
| സുധർമ്മ, ചരുവിൽ, അമ്പലത്തുംഭാഗം | 40,000/- | 13/20-21/24.3.21 |
| പ്രസന്ന, രൂപനിവാസ്, ഇടയ്ക്കാട് | 40,000/- | 13/20-21/24.3.21 |
| ഷാന്റി, ഷാന്റിഭവനം, പള്ളിമുറി | 40,000/- | 13/20-21/24.3.21 |

ഇു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കോവിഡ് മൂലമാണ് ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് കാലതാമസമുണ്ടായതെന്ന മറുപടിയാണ് ലഭ്യമാക്കിയത്. മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം എത്രയും വേഗം പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

എൻക്വയറി നം-15/ 26.10.21.

1-29 എസ്. സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - അർഹതാ മാനദണ്ഡം പാലിച്ചില്ല

പ്രോജക്റ്റ് നം. 154/21

ലാപ്ടോപ്പ് വിതരണം (എസ്. സി. കുട്ടികൾക്ക്)

അടങ്കൽ തുക - 5,40,000/-രൂപ, വികസന ഫണ്ട് (എസ്.സി.പി.).

ചെലവ് – 4,94,802/-രൂപ, ബിൽ നം. 01/20-21 തീ. 21/4/20.

സ.ഉ.(കൈ) നം. 22/2018 ത.സ്വ.ഭ.വ. തീ. 14/2/2018 പ്രകാരം ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക്, ഡിപ്ലോമ ബിരുദം, മെഡിസിൻ, എഞ്ചിനീയറിംഗ്, ചാർട്ടേഡ് അക്കൗണ്ടൻസി എന്നീ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ലാപ്ടോപ്പ് നൽകേണ്ടിയിരുന്നത്. എന്നാൽ മേൽ മാർഗ്ഗരേഖയിൽ സൂചിപ്പിച്ചിട്ടില്ലാത്ത കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കും ലാപ്ടോപ്പ് നൽകിയിരിക്കുന്നു. നം. ഡി.എ1/363/2019 ത.സ്വ.ഭ.വ.(ഡി.എ) വകുപ്പ് തീ. 20-01-2020 സർക്കുലർ നിർദേശാനുസരണം സി.പി.ആർ.സി. പോർട്ടലിലെ വില പ്രകാരം കെൽട്രോൺ മുഖേന ഇൻവോയിസ് നം. ITP/09385/20-21 തീയതി 30-01-21 പ്രകാരം നികുതി ഉൾപ്പെടെ 27,489/-രൂപ നിരക്കിൽ 18 (വിൻഡോസ് സോഫ്റ്റ് വെയർ) ലാപ്ടോപ്പ് വാങ്ങിയതിന് 4,94,802/-രൂപ നൽകയിട്ടുണ്ട്.

| ക്രമനം | പേര് | കോഴ്സ് | പഠിക്കുന്ന സ്ഥാപനം |
|---|---|---|---|
| 1. | അൻജു. ബി, ചരിഞ്ഞയത്ത് വാർഡ്-11 | C++ | M.G Tech Computer Education, ഭരണിക്കാവ് |
| 2. | ജോതിസ്, ജോതിസ് ഭവനം വാർഡ്-11 | DTP Training Course | Private ITC |
| 3 | ജിഷ, കോലടത്ത് തെക്കതിൽ വാർഡ്-16 | PPT | M.G Institute Market Junction |

| | | | |
|---|---|---|---|
| 4 | അഞ്ജലി, അഖിൽ ഭവനം<br>വാർഡ്-8 | B.Com | Study Centre, Karunagappaly<br>(Reg.No. ഹാജരാക്കിയില്ല) |

സർക്കാർ ഉത്തരവിനും, പദ്ധതി മാനദണ്ഡത്തിനു വിരുദ്ധമായി യോഗ്യതയില്ലാത്തവർക്ക് നൽകിയ ആനുകല്യ ചെലവ് 82,467/-(27,489/-@3) രൂപ ആഡിറ്റിൽ നിരാകരിക്കുന്നു. ക്രമ നം. 4 പ്രകാരം ആനുകൂല്യം നൽകിയ വിദ്യാർത്ഥിയുടെ യൂണിവേഴ്സിറ്റി രജിസ്റ്റർ നമ്പർ ഹാജരാക്കാത്തതിനാൽ ചെലവ് തുക 27,489/-രൂപ തടസ്സപ്പെടുത്തുന്നു. (സർക്കാർ ഉത്തരവ് പ്രകാരം പാരലൽ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കേണ്ടതാണ്)

നിരാകരിക്കുന്ന തുക – 82,467/-രൂപ .

തടസ്സപ്പെടുത്തുന്ന തുക – 27,489/-രൂപ .

1-30 കോവിഡ്-19 - മരുന്ന് വാങ്ങിയതിന്റെ രേഖകൾ പൊരുത്തപ്പെടാത്തതിനാൽ 1,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2020-21 വർഷത്തിൽ കോവിഡ്-19 പ്രതിരോധപ്രവർത്തനത്തിന്റെ ഭാഗമായി KMSCLന്റെ 13.4.20-ലെ PR897 നമ്പർ മുൻകൂർ ഇൻവോയ്സ് പ്രകാരം മരുന്ന് വാങ്ങുന്നതിനായി ഗ്രാമപഞ്ചായത്ത് 1,00,000/-(ചെക്ക് നം-2924247/13.4.20) രൂപ മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.യ്ക്ക് നൽകി. ടി ഇൻവോയ്സ് പ്രകാരമുള്ള മരുന്നുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Name Of Drugs | Qty | Rate (₹) | CGST (₹) | SGST (₹) | Total (₹) |
|---|---|---|---|---|---|
| Amlodipine 5mg Tab(mp) | 29990 | 0.44 | 791.74 | 791.74 | 14779.08 |
| Escosprin 75mg Tab | 13190 | 0.27 | 213.68 | 213.68 | 3988.66 |
| Escosprin 150mg Tab | 8000 | 0.49 | 235.20 | 235.20 | 4390.40 |
| Amoxycillin 125mg Tab (Mp) | 1420 | 7.50 | 639 | 639 | 11928 |
| Azithromycin 500tab-bg-mp | 2000 | 8.29 | 994.80 | 994.80 | 18569.60 |
| Wysolone 10mg Dt Tab | 3000 | 1.07 | 192.60 | 192.60 | 3595.20 |
| Asthalin Respirator Soln 15ml | 50 | 7.65 | 22.95 | 22.95 | 428.40 |
| Metformin 500mg Tab(mp)-bg | 29990 | 0.36 | 647.78 | 647.78 | 12091.96 |
| Metoprolol 50mg Tab(mp)-bg | 5000 | 0.92 | 276 | 276 | 5152 |
| Cough Syrup (Diphenhydramine14.08mg+ammonium Chloride 138mg +Sodium Citrate57.3mg (Mp)bg | 200 | 11.50 | 138 | 138 | 2576 |
| CALAMINE LOTION 100ML-BG(MP) | 50 | 14.89 | 44.67 | 44.67 | 833.84 |
| Levolin Syrup | 100 | 14.41 | 68.46 | 68.46 | 1613.92 |
| Nicardia Retard20mg Tab | 1000 | 231 | 138.60 | 138.60 | 2587.20 |
| Pantoprazole 40mg Tab Bg-mp | 7000 | 0.87 | 365.40 | 365.40 | 6820.80 |
| HCQS 200mg Tab | 200 | 4.68 | 56.15 | 56.15 | 1048.32 |
| Face Mask3L(liphono) | 200 | 9.52 | 47.60 | 47.60 | 1999.20 |
| Diclofenac Gel 1% (Deeclogen) 30gm-bg | 100 | 10.75 | 64.50 | 64.50 | 1204 |

| | | | | | |
|---|---|---|---|---|---|
| Muprevent 5gm Ointment (Mupirocin 2%) | 30 | 25.20 | 45.36 | 45.36 | 846.72 |
| Povtdone Iodine Ointment 5%ww(idobest) 15gm | 50 | 9.57 | 28.71 | 28.71 | 535.92 |
| Total | | | | | 84930.80 |
| Handling Charges-5% | | | | | 4246.54 |
| Handling Charges GST-18% | | | | | 764.38 |
| GST Total | | | | | 10058.42 |
| Grand Total | | | | | 100000/- |

മെഡിക്കൽ ഓഫീസർ പരിശോധനയ്ക്ക് ലഭ്യമാക്കിയ ഇൻവോയ്സുകളിലെ മരുന്നും, കോവിഡ്-19 പ്രതിരോധ പ്രവർത്തനത്തിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ട മേൽ പട്ടിക പ്രകാരമുള്ള മരുന്നുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ആയതിന് രേഖാമൂലം വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ഇൻവോയ്സ് പ്രകാരമുള്ള മരുന്നിന് 1,00,000/-രൂപ KMSCL-ന് നൽകിയതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിന്റെ അടിസ്ഥാനത്തിൽ 1,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. KMSCL ന്റെ 13.4.20-ലെ PR897 നമ്പർ ഇൻവോയ്സ് പ്രകാരം കോവിഡ്-19 പ്രതിരോധ പ്രവർത്തനത്തിനായി ലഭിച്ച മരുന്നുകൾ, ആയതിന്റെ സ്റ്റോക്ക് രജിസ്റ്റർ, 13.4.20-ലെ PR897 നമ്പർ ഇൻവോയ്സ് പ്രകാരം KMSCL-ന് 1,00,000/-രൂപ നൽകിയതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം.18A/ 26-10-21 .

1-31 മാർക്കറ്റ് ലേലം - തുക പൂർണ്ണമായും ഒടുക്കുന്നില്ല

പോരുവഴി ഗ്രാമപഞ്ചായത്തിലെ ചക്കുവള്ളി മാർക്കറ്റിൽ മാട്ടിറച്ചി വ്യാപാരം നടത്തുന്നതിനുള്ള അവകാശം 12.03.2020 ൽ നടന്ന ലേലത്തിൽ കൂടിയ തുകയായ 5,00,500/-രൂപയ്ക്ക് ശ്രീ. നൗഷാദ്, തെങ്ങുവിള തെക്കതിൽ, തെക്കേമുറി, ശൂരനാട് എന്നയാൾ ലേലം കൊണ്ടു. എന്നാൽ 1,10,250/-രൂപ ഇ.എം.ഡിയും ലേലത്തുക 2,89,750/-രൂപയുമുൾപ്പടെ 4,00,000/-രൂപ മാത്രമാണ് അടവാക്കിയത്. അവശേഷിക്കുന്ന 1,00,500/-രൂപയും ജി.എസ്.ടി. തുകയായ 90,090/-രൂപയും നാളിതുവരെയും അടവാക്കിയില്ല. കൂടാതെ ഇടയ്ക്കാട് മാർക്കറ്റിൽ മാട്ടിറച്ചി വ്യാപാരം നടത്തുന്നതിനുള്ള അവകാശം 20.03.2020 ൽ നടന്ന ലേലത്തിൽ കൂടിയ തുകയായ 2,95,000/-രൂപയ്ക്ക് ശ്രീ. വിൽസൺ, ലൂർദ്ദ് വിലാസം, കൈതക്കോട് എന്നയാൾ ലേലം കൊണ്ടതിൽ 37,000/-രൂപ ഇ.എം.ഡിയും ലേലത്തുക 26,000/-രൂപയുമുൾപ്പടെ 63,000/-രൂപ മാത്രമാണ് അടവാക്കിയത്. അവശേഷിക്കുന്ന 2,32,000/-രൂപയും ജി.എസ്.ടി. തുകയായ 53,100/-രൂപയും നാളിതുവരെയും അടവാക്കിയില്ല. തൻവർഷം ലേലത്തിന്റെ വരവിനത്തിൽ ആകെ 3,32,500/- രൂപ ലഭ്യമാകാൻ അവശേഷിക്കുന്നു. ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തി ലഭിക്കുന്ന ആൾ ലേലത്തുക മുഴുവനും അപ്പോൾ തന്നെ പഞ്ചായത്തിൽ ഒടുക്കു വരുത്തി രസീത് വാങ്ങേണ്ടതാണെന്ന് ലേല നോട്ടീസിലെ ലേല വ്യവസ്ഥയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ടിയാളുകളിൽ നിന്നും കുടിശ്ശിക തുക ഈടാക്കുന്നതിന് എസ്.റ്റി. 1564/2021, തീയതി 26.10.2021 ആയി ശാസ്താംകോട്ട ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ടെന്ന് മറുപടി നൽകി. തുക ഈടാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതും വരും വർഷങ്ങളിൽ മേൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി 06/22.10.21 .

1-32 കുടുംബശ്രീ വിപണനകേന്ദ്രം വാടകയ്ക്ക് നൽകിയില്ല - പഞ്ചായത്തിന് വരുമാനനഷ്ടം

പോരുവഴി ഗ്രാമപഞ്ചായത്ത് വക സ്ഥലത്ത് കൊല്ലം ജില്ലാ പഞ്ചായത്തിന്റെ 2014-15 വർഷത്തെ വനിതാ വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മാണം പൂർത്തിയാക്കിയ കുടുംബശ്രീ വിപണനകേന്ദ്രം നാളിതുവരെയും വാടകയ്ക്ക് നൽകിയില്ല. കുടുംബശ്രീ വിപണനകേന്ദ്രം സംബന്ധിച്ച് 21.05.2018 ൽ ജില്ലാ പഞ്ചായത്തുമായി ഉണ്ടാക്കിയ കരാർ പ്രകാരം പ്രതിമാസ വരുമാനത്തിന്റെ 20% ജില്ലാ പഞ്ചായത്തിനും 80% പോരുവഴി ഗ്രാമ പഞ്ചായത്തിനുമാണ്. വിപണന കേന്ദ്രത്തിന്റെ ഉദ്ഘാടനം നടത്തി വർഷങ്ങൾ കഴിഞ്ഞിട്ടും വൈദ്യുതീകരണം ഉൾപ്പെടെ വൈകിയതിനാൽ നാളിതുവരെയും ടി കെട്ടിട മുറികൾ വാടകയ്ക്ക് നൽകിയിട്ടില്ല.

താരതമ്യേന തനതു വരുമാനം കുറഞ്ഞ ഗ്രാമപഞ്ചായത്തിന് ടി കടമുറികൾ വാടകയക്ക് നൽകുന്നതിലൂടെ അധിക വരുമാനം കണ്ടെത്താമായിരുന്നു. കെട്ടിടം ചോർന്നൊലിച്ചും ഷട്ടറുകൾ തുരുമ്പെടുത്ത് ഉപയോഗശൂന്യമായി കൊണ്ടിരിക്കുന്നു. ഷോപ്പിംഗ് കോംപ്ലക്സ് കടമുറികൾ അറ്റകുറ്റപ്പണികൾ നടത്തി ലേലം ചെയ്ത് തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന് ഭരണസമിതിയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും അടിയന്തിര നടപടികൾ സ്വീകരിച്ച് വിശദാംശം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 8/25.10.21 .

1-33 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

1. പഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിലെ ജീവനക്കാരിൽ നിന്നും തൻവർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.19-ലെ (സി.എസ്.)എ9-764/2019 നമ്പർ കത്ത് പ്രകാരം റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലായെന്ന് സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ട്.

2. തൻവർഷം പഞ്ചായത്ത് പരിധിയിലെ മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത ചുവടെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

| ക്രമ നം. | കരാറുകാരന്റെ പേര് |
|---|---|
| 1 | സലിം എസ്, ബംഗ്ലാവിൽ, ശൂരനാട് |
| 2 | രാജ് കുമാർ, മംഗലശ്ശേരിൽ, ഇടയ്ക്കാട് |
| 3 | റിയാസ് കെ, വലിയവിള വടക്കതിൽ തെക്കേമുറി, ശൂരനാട് |
| 4 | നസീർ കെ. എസ്, കുഴിവേലിൽ പടീറ്റതിൽ, ചക്കുവള്ളി |
| 5 | സന്തോഷ് കുമാർ, ഉദയ ഭവനം, കമ്പലടി |
| 6 | പ്രസന്നകുമാർ, പാലത്തുണ്ടിൽ, ഇടയ്ക്കാട് |
| 7 | ഡാനിക്കുട്ടി, സജി ഭവനം, ശൂരനാട് |
| 8 | ജലീൽ എം, മുണ്ടയ്ക്കൽ പടീറ്റതിൽ, കമ്പലടി |
| 9 | വാസു കുറുപ്പ്, വയണവിളയിൽ, ചാത്താകുളം |
| 10 | ഹാഷിം എ. |

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ,

തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു. മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും, കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം. 1-20-21/ 21.10.21 .

1-34 തുടർ സാക്ഷരതാ വിദ്യാഭ്യാസം -തുടർ നിരീക്ഷണം ഉണ്ടാകുന്നില്ല.

ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥയായി പത്താംതരം, പ്ലസ് ടു തുല്യതാ പരീക്ഷയ്ക്ക് ഫീസ് നൽകി പഠിതാക്കളെ മുഖ്യധാരയിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പ്രോജക്ട് ആണ് തുല്യത പരീക്ഷ.

| പ്രോജക്ട് നം./പേര് | അടങ്കൽ (₹) | ചെലവ് (₹) | ചെക്ക് നം., തീയതി |
|---|---|---|---|
| S0022/21, തുല്യത പരീക്ഷ | 1,21,250/- | 52,950/- | 275356/ 31.03.2021 |

പരിശോധിച്ച രേഖകൾ പ്രകാരം കേരള സംസ്ഥാന സാക്ഷരതാ മിഷന് പത്താംതരം തുല്യതാ കോഴ്സ്, ഹയർ സെക്കണ്ടറി തുല്യതാ കോഴ്സ് എന്നിവയ്ക്ക് വേണ്ടി യഥാക്രമം 12,950/- (1850x7) രൂപയും 40,000/- (2500x16) രൂപയും കോഴ്സ് ഫീസ്, രജിസ്ട്രേഷൻ ഫീസ് എന്നീയിനത്തിൽ നൽകിയിട്ടുണ്ട്. തുല്യതാ കോഴ്സിന് രജിസ്റ്റർ ചെയ്ത പഠിതാക്കളുടെ ലിസ്റ്റ് മാത്രമാണ് നൽകിയിട്ടുള്ളത്. ഇവർക്ക് പരിശീലനം നൽകിയതിന്റേയും പരീക്ഷ എഴുതിയതിന്റേയും വിവരം ലഭിച്ചിട്ടില്ല. വിദ്യാർത്ഥികൾ ക്ലാസുകളിൽ പങ്കെടുത്ത് തുല്യതാ പരീക്ഷകൾ എഴുതി സർട്ടിഫിക്കറ്റ് നേടുമ്പോൾ മാത്രമാണ് പദ്ധതി ലക്ഷ്യം കൈവരിക്കുന്നത്. ആയതിനാൽ ചെലവ് തുക 52,950/-രൂപ തടസ്സപ്പെടുത്തുന്നു. വിദ്യാർത്ഥികൾ തുല്യതാ കോഴ്സുകൾ വിജയകരമായി പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 52,950/-രൂപ .

1-35 ഗുണഭോക്തൃ ലിസ്റ്റ് ഇല്ലാതെ ആനുകൂല്യ വിതരണം

പ്രോജക്ട് നം. 236/21 - തുറന്ന കിണർ (എസ്.സി.പി.)

നിർവ്വഹണോദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി.

അടങ്കൽ -18,00,000/-രൂപ (ധനകാര്യ കമ്മീഷൻ - പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ്).

ചെലവ് - 9,89,627/-രൂപ

(ബിൽ നം. 6/23/2/21, തുക 25,000/-രൂപ

ബിൽ നം. 13/18-3-21, തുക 50,000/-രൂപ

ബിൽ നം. 14/23-3-21, തുക 1,50,000/-രൂപ

ബിൽ നം. 9/15-02-21, തുക 1,35,000/-രൂപ

ബിൽ നം. 17/ 30.3.21, തുക 2,05,000/-രൂപ

ബിൽ നം. 12/18.3.21, തുക 4,24,627/-രൂപ)

ടി പ്രോജക്ട് പ്രകാരം ആനുകൂല്യത്തിനു അപേക്ഷ നൽകിയ ഗുണഭോക്താക്കൾക്ക് ആദ്യ ഗഡു അഡ്വാൻസ് നൽകുകയും പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് പഞ്ചായത്ത് മരാമത്ത് വിഭാഗത്തിന്റെ വാല്യുവേഷൻ അനുസരിച്ച് ബാക്കി തുക നൽകുന്നതിനുമായാണ് പദ്ധതി അംഗീകരിച്ചിരുന്നത്. പരമാവധി സബ്സിഡി 50,000/-രൂപയിൽ നിജപ്പെടുത്തിയിരുന്നു.

ആനുകൂല്യ വിതരണത്തിനായി പദ്ധതി രൂപികരിച്ചെങ്കിലും ഗ്രാമസഭാ ലിസ്റ്റ് തയ്യാറാക്കുകയോ പഞ്ചായത്തിന്റെ അന്തിമഗുണഭോക്തൃ പട്ടികയിൽ ടി പ്രോജക്ട് ഉൾപ്പെടുകയോ ചെയ്തിട്ടില്ല. 13-ാം പദ്ധതി മാർഗ്ഗരേഖ 11.3 പ്രകാരം വ്യാപകമായ പ്രചാരണം നൽകി അപേക്ഷ സ്വീകരിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ സഹായത്തോടെ കരട് പട്ടിക തയ്യാറാക്കി ഫീൽഡ് ലെവൽ പരിശോധന വഴി ഉദ്യോഗസ്ഥർ അർഹതയും മുൻഗണനയും സാക്ഷ്യപ്പെടുത്തി പട്ടിക പ്രസിദ്ധീകരിച്ച് വാർഡ് കമ്മിറ്റി അംഗീകരിച്ച ഗുണഭോക്താക്കൾക്കേ ആനുകൂല്യം വിതരണം ചെയ്യാവൂ. ഗ്രാമസഭാ ലിസ്റ്റോ, പഞ്ചായത്ത് കമ്മിറ്റി അംഗീകാരമില്ലാതെയും ആനുകൂല്യം വിതരണം ചെയ്ത നടപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. പദ്ധതി മാർഗരേഖക്ക് വിരുദ്ധമായി നടത്തിയ ചെലവ് 9,89,627/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

നിരാകരണം – 9,89,627/-രൂപ .

ഓഡിറ്റ് എൻക്വയറി നം. 16/26.10.2021 .

1-36 തൊഴിലുറപ്പ് പദ്ധതി - അവലോകനം

2020-21 വർഷത്തിൽ 718.70 ലക്ഷം രൂപയുടെ പ്രവൃത്തിഅടങ്കൽ 30-01-2020 ലെ കമ്മിറ്റി തീരുമാനം നം. 3/2 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ജലസംരക്ഷണം, കൃഷിയിടങ്ങൾ ഒരുക്കൽ, മണ്ണ് സംരക്ഷണം എന്നിവ കൂടാതെ റോഡ് നിർമ്മാണ പ്രവൃത്തികൾ, തൊഴുത്ത് നിർമ്മാണം, കിണർ നിർമ്മാണം എന്നീ പ്രവൃത്തികളും ഏറ്റെടുത്തു നടപ്പിലാക്കി. ചക്കുവള്ളി ഗവ.എച്ച്.എസ്.എസിൽ ഒരു ഡയനിംഗ് ഹാൾ നിർമ്മാണം പണി പൂർത്തീകരണ അവസ്ഥയിലാണ്.

മൺകയ്യാല ഭൂവസ്ത്രം എന്ന പ്രോജക്ടിനു വേണ്ടി കേരള കയർ കോർപ്പറേഷനിൽ നിന്നും ജിയോ മാറ്റ് വാങ്ങിയതിനു $M^2$ നു 68.25 രൂപ പ്രകാരം കോർപ്പറേഷൻ ബിൽ നൽകിയിരിക്കുന്നു. എന്നാൽ സെക്ക്യൂയർ സോഫ്റ്റ് വെയറിലെ ജിയോ മാറ്റിന്റെ എസ്റ്റിമേറ്റ് നിരക്ക് $M^2$ നു 65/-രൂപയാകുന്നു. ഒരു $M^2$ പ്രവൃത്തി ചെയ്യാൻ 1.0500$M^2$ മാറ്റ് വേണം. ഈഅളവിനാണ്എസ്റ്റിമേറ്റിൽ 68.25 രൂപ അനുവദനീയം.

കയർ കോർപ്പറേഷനു ബിൽ തുക നൽകിയിരിക്കുന്നത് അളവു പുസ്തക പ്രകാരം ഉപയോഗിച്ച ജിയോ മാറ്റിന്റെ അളവു പ്രകാരമാണ്. ആയതിനാൽ 101.05 $M^2$ നു 68.25 നിരക്കിൽ നൽകി എന്നു ഓഡിറ്റ് വിലയിരുത്തുന്നു.

സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കാത്തതിനാൽ ആകെ വാങ്ങിയ ജിയോ മാറ്റ്, ഉപയോഗിച്ച മാറ്റ് എന്നിവയുടെ കൃത്യത ബോധ്യമായില്ല. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടതും 1 $M^2$ നു എസ്റ്റിമേറ്റ് നിരക്കായ 65/-രൂപ മാത്രമേ നൽകാൻ പാടുള്ളൂ എന്നും ഓഡിറ്റ് നിർദേശിക്കുന്നു.

തൊഴിലുറപ്പ് കൺകറന്റ് ഓഡിറ്റ് റിപ്പോർട്ടുകളിൽ പ്രവൃത്തികൾ കൃത്യമായും ഗുണമേന്മ ഉറപ്പു വരുത്തി നടപ്പിലാക്കുന്നതായും പരാമർശിക്കുന്നു. സൈറ്റ് ഡയറി പൊതു ജോലികളിൽ സൂക്ഷിക്കാത്തത് അപാകതയാണ്. എല്ലാ പ്രവൃത്തി സ്ഥലത്തും സൈറ്റ് ഡയറികൾ സൂക്ഷിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 എസ്. സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - അർഹതാ മാനദണ്ഡം പാലിച്ചില്ല

പ്രോജക്റ്റ് നം. 154/21

ലാപ്ടോപ്പ് വിതരണം (എസ്. സി. കുട്ടികൾക്ക്)

അടങ്കൽ തുക - 5,40,000/-രൂപ, വികസന ഫണ്ട് (എസ്.സി.പി.).

ചെലവ് – 4,94,802/-രൂപ, ബിൽ നം. 01/20-21 തീ. 21/4/20.

സ.ഉ.(കൈ) നം. 22/2018 ത.സ്വ.ഭ.വ. തീ. 14/2/2018 പ്രകാരം ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക്, ഡിപ്ലോമ ബിരുദം, മെഡിസിൻ, എഞ്ചിനീയറിംഗ്, ചാർട്ടേഡ് അക്കൗണ്ടൻസി എന്നീ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ലാപ്ടോപ്പ് നൽകേണ്ടിയിരുന്നത്. എന്നാൽ മേൽ മാർഗ്ഗരേഖയിൽ സൂചിപ്പിച്ചിട്ടില്ലാത്ത കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കും ലാപ്ടോപ്പ് നൽകിയിരിക്കുന്നു. നം. ഡി.എ1/363/2019 ത.സ്വ.ഭ.വ.(ഡി.എ) വകുപ്പ് തീ. 20-01-2020 സർക്കുലർ നിർദേശാനുസരണം സി.പി.ആർ.സി. പോർട്ടലിലെ വില പ്രകാരം കെൽട്രോൺ മുഖേന ഇൻവോയിസ് നം. ITP/09385/20-21 തീയതി 30-01-21 പ്രകാരം നികുതി ഉൾപ്പെടെ 27,489/-രൂപ നിരക്കിൽ 18 (വിൻഡോസ് സോഫ്റ്റ് വെയർ) ലാപ്ടോപ്പ് വാങ്ങിയതിന് 4,94,802/-രൂപ നൽകയിട്ടുണ്ട്.

| ക്രമനം | പേര് | കോഴ്സ് | പഠിക്കുന്ന സ്ഥാപനം |
|---|---|---|---|
| 1. | അൻജു. ബി, ചരിഞ്ഞയത്ത് വാർഡ്-11 | C++ | M.G Tech Computer Education, ഭരണിക്കാവ് |
| 2. | ജോതിസ്, ജോതിസ് ഭവനം വാർഡ്-11 | DTP Training Course | Private ITC |
| 3 | ജിഷ, കോലടത്ത് തെക്കതിൽ വാർഡ്-16 | PPT | M.G Institute Market Junction |
| 4 | അഞ്ജലി, അഖിൽ ഭവനം വാർഡ്-8 | B.Com | Study Centre, Karunagappaly (Reg.No. ഹാജരാക്കിയില്ല) |

സർക്കാർ ഉത്തരവിനും, പദ്ധതി മാനദണ്ഡത്തിനു വിരുദ്ധമായി യോഗ്യതയില്ലാത്തവർക്ക് നൽകിയ ആനുകൂല്യ ചെലവ് 82,467/-(27,489/-@3) രൂപ ആഡിറ്റിൽ നിരാകരിക്കുന്നു. ക്രമ നം. 4 പ്രകാരം ആനുകൂല്യം നൽകിയ വിദ്യാർത്ഥിയുടെ യൂണിവേഴ്സിറ്റി രജിസ്റ്റർ നമ്പർ ഹാജരാക്കാത്തതിനാൽ ചെലവ് തുക 27,489/-രൂപ തടസ്സപ്പെടുത്തുന്നു. (സർക്കാർ ഉത്തരവ് പ്രകാരം പാരലൽ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കേണ്ടതാണ്)

നിരാകരിക്കുന്ന തുക – 82,467/-രൂപ .

തടസ്സപ്പെടുത്തുന്ന തുക – 27,489/-രൂപ .

### 3-2 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ - പരസ്യചെലവ് ചട്ടവിരുദ്ധം - ചെലവ് അംഗീകരിക്കുന്നില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങൾ ഉപവകുപ്പ് 3 പ്രകാരം പഞ്ചായത്തുകൾ നിയമാനുസൃതമല്ലാത്ത പരസ്യം ചെയ്യുവാൻ പാടുള്ളതല്ല. എന്നാൽ 2020-21

വർഷത്തിൽ കോവിഡ് പ്രതിരോധപ്രവർത്തനങ്ങളും സുഭിക്ഷകേരളം പദ്ധതി സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുമായി ജനയുഗം, ദേശാഭിമാനി എന്നീ ദിനപത്രങ്ങളിൽ പരസ്യം നൽകിയതിന് 15,000/-രൂപ ചെലവഴിച്ചിരുന്നു. 26.06.2020 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ സാധാരണ യോഗത്തിൽ 10-ാം നമ്പർ അജണ്ടയായി ഉൾപ്പെട്ടിരുന്ന ടി ചെലവനുവാദം പഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനങ്ങളുമായോ, ലേലം തുടങ്ങിയ പ്രവർത്തനങ്ങളുമായോ ബന്ധപ്പെട്ട് നൽകുന്ന പത്രപ്പരസ്യങ്ങൾക്ക് മാത്രമേ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് ചട്ടം അനുശാസിക്കുന്നുള്ളുവെന്നതിനാൽ, 15,000/-രൂപ ടിയിനത്തിൽ ചെലവഴിക്കുന്നത് ചട്ടവിരുദ്ധമാണെന്നും ആയതിനാൽ സെക്രട്ടറി വിയോജനവും രേഖപ്പെടുത്തിയിരുന്നു.

എന്നിരുന്നാലും ടി കമ്മിറ്റിയുടെ 10(10), 10(11) എന്നീ തീരുമാനങ്ങൾ പ്രകാരം വിയോജനക്കുറിപ്പ് മറികടന്ന് ചെലവ് നടത്തുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. തുടർന്ന് ടി തീരുമാനങ്ങൾ ഉൾപ്പെടെ സർക്കാരിനെ അറിയിച്ചുവെങ്കിലും മറുപടി ലഭിക്കാഞ്ഞതിനാൽ 08/09/2020ലെ അജണ്ട 5, തീരുമാനം 5/2 പ്രകാരം ടി ചെലവ് നടത്തുന്നതിന് തുക അനുവദിക്കുവാൻ യോഗം ഐക്യകണ്ഠേന തീരുമാനിച്ചതിന്റെയടിസ്ഥാനത്തിൽ 10/11/2020ൽ തുക നൽകിയിരുന്നു.

വിയോജനക്കുറിപ്പ് പരിഗണിക്കാതെ ചട്ടവിരുദ്ധമായി ചെലവ് ചെയ്ത 15,000/-രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടി ചെലവ് 08/09/2020ലെ യോഗത്തിൽ പങ്കെടുത്ത 16 അംഗങ്ങളിൽ നിന്നുമായി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്. ടി തുക 08/09/2020ലെ മീറ്റിംഗിൽ പങ്കെടുത്ത താഴെപ്പറയുന്ന 16 അംഗങ്ങളിൽ നിന്ന് ഈടാക്കി ഒടുക്കു വരുത്തേണ്ടതാണ്.

| ക്രമ നം. | വാർഡ് നം. | വാർഡിന്റെ പേര് | മെമ്പറുടെ പേര് |
|---|---|---|---|
| 1 | 2 | മലനട | രാധ |
| 2 | 3 | മൂവക്കോട് | അജിത |
| 3 | 4 | മണ്ണാറോഡ് | രാജൻ |
| 4 | 5 | ഇടയ്ക്കാട് | ജയപ്രസന്നൻ |
| 5 | 6 | കോളേജ് വാർഡ് | നമ്പൂരേത്ത് തുളസീധരൻ പിള്ള |
| 6 | 7 | വായനശാല വാർഡ് | ബിനീഷ് |
| 7 | 9 | ചാങ്ങയിൽ കാവ് | ഗീത |
| 8 | 10 | ബ്ലോക്ക് ഓഫീസ് വാർഡ് | അനിത കുമാരി |
| 9 | 11 | ശാസ്താംനട | ശ്രീദേവി |
| 10 | 12 | കമ്പലടി | ഷംസുദ്ദീൻ |
| 11 | 13 | മയിലാടുംകുന്ന് | ഷിബു |
| 12 | 14 | കമ്പലടി വടക്ക് | ഫിറോസ് ഖാൻ (ഫിറോസ് കെ പി) |
| 13 | 15 | മയ്യത്തുംകര | എ കെ രവി |
| 14 | 16 | പള്ളിമുറി | വിനോദ് കുമാർ |
| 15 | 17 | നടുവിലേമുറി | സഹദേവൻ പിള്ള വി (മധു) |
| 16 | 18 | വടക്കേമുറി | ഷീജ എസ് |

ഓഡിറ്റ് എൻക്വയറി നം. 12/26-10-2021 .

നിരാകരിച്ച തുക – 15,000/-രൂപ.

3-3 അംഗൻവാടികൾക്ക് വാട്ടർ ടാങ്ക്, സ്റ്റീൽ പാത്രങ്ങൾ വാങ്ങൽ - ഉയർന്ന ക്വട്ടേഷൻ പ്രകാരം വാങ്ങിയതിനാൽ അധികം നൽകിയ 5,340/രൂപ നിരാകരിക്കുന്നു

പ്രോജക്റ്റ് നമ്പർ - S0051/21.

അടങ്കൽ തുക - 50,000/-രൂപ (വികസനഫണ്ട്-ജനറൽ).

ചെലവ് - 50,000/-രൂപ.

നിർവ്വഹണം – ഐ.സി.ഡി.എസ്. സൂപ്പർവൈസർ.

2020-21 വർഷത്തിൽ മേൽ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ അംഗൻവാടികൾക്ക് വാട്ടർ ടാങ്ക് (500 Litre), സ്റ്റീൽ പാത്രങ്ങൾ എന്നിവ ഉയർന്ന നിരക്കിലുള്ള ക്വട്ടേഷൻ പ്രകാരമാണ് വാങ്ങിയിരിക്കുന്നത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| M/S.Tritech, Vazhuthakkadu | | Royal Enterprises, Perumpuzha | |
|---|---|---|---|
| വാട്ടർ ടാങ്ക് (500 Litre), ISI | ₹3,664/- | വാട്ടർ ടാങ്ക് (500 Litre) ISI/ISO | ₹3,490/- |
| സ്റ്റീൽ പാത്രം | ₹135/-(380g) | സ്റ്റീൽ പാത്രം | ₹99/- |

M/S.Tritech, Vazhuthakkadu എന്ന സ്ഥാപനത്തിന്റെ ഉയർന്ന നിരക്കിലുള്ള ക്വട്ടേഷൻ പ്രകാരം മേൽ സാധനങ്ങൾ വാങ്ങിയതിനാൽ 5,340/രൂപ നഷ്ടമുണ്ടായി. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| M/S.Tritech, Vazhuthakkadu | | Royal Enterprises, Perumpuzha | |
|---|---|---|---|
| വാട്ടർ ടാങ്ക് (500 Litre), ISI- | ₹36,640/- (എണ്ണം-10) | വാട്ടർ ടാങ്ക് (500 Litre) ISI/ISO | ₹34,900/- (എണ്ണം-10) |
| സ്റ്റീൽ പാത്രം | ₹13,500/- (എണ്ണം-100) | സ്റ്റീൽ പാത്രം | ₹9,900/- (എണ്ണം-100) |

ക്വട്ടേഷൻ പ്രകാരമുള്ള വ്യത്യാസം - വാട്ടർ ടാങ്ക് – ₹1,740/-(36640-34900).

സ്റ്റീൽ പാത്രം – ₹3,600/-(13500-9900)

ആകെ അധികം നൽകിയത് – ₹5,340/-

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സ്പെസിഫിക്കേഷൻ, ഗുണനിലവാരം, സ്റ്റീൽ പാത്രങ്ങളുടെ തൂക്കം എന്നിവ കൃത്യമായി ക്വട്ടേഷനിൽ രേഖപ്പെടുത്തിയതിനാലാണ് M/S.Tritech, Vazhuthakkadu എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയതെന്ന മറുപടിയാണ് ലഭ്യമാക്കിയത്. ഐ.സി.ഡി.എസ്. സൂപ്പർവൈസർ നൽകിയ ഇൻഡന്റിൽ സ്റ്റീൽ പാത്രങ്ങളുടെ തൂക്കം രേഖപ്പെടുത്തിയിട്ടില്ല. രണ്ട് സ്ഥാപനങ്ങളും ഇൻഡന്റിൽ സൂചിപ്പിച്ചിട്ടുള്ള സ്പെസിഫിക്കേഷൻ, ഗുണനിലവാരം എന്നിവയുള്ള വാട്ടർ ടാങ്കിന്റെ വിലയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ അധികം നൽകിയ 5,340/-രൂപയുടെ ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഇത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

എൻക്വയറി നം. 3/ 23.10.21.

3-4 വാല്യുവേഷനേക്കാൾ അധികം നൽകിയ തുക നിരാകരിക്കുന്നു - 25,000/-രൂപ

പ്രോജക്റ്റ് നം. 236/21 – തുറന്ന കിണർ (എസ്.സി.പി.).

നിർവ്വഹണം – അസിസ്റ്റന്റ് സെക്രട്ടറി.

വികസന ഫണ്ട് - 18,00,000/-രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ് (സ്പെഷ്യൽ പർപ്പസ്).

പ്രസ്തുത പ്രോജക്ട് പ്രകാരം കിണർ നിർമ്മാണത്തിനായി പ്രോജക്ടിൽ 50,000/-രൂപയായിരുന്നു സബ്സിഡി വകയിരുത്തിയിരുന്നത്. ഗുണഭോക്താതാക്കൾക്ക് ആദ്യ ഗഡു അഡ്വാൻസ് നൽകുകയും കിണർ പൂർത്തീകരിച്ച് പഞ്ചായത്ത് മരാമത്ത് വിഭാഗം നൽകുന്ന വാല്യുവേഷന്റെ അടിസ്ഥാനത്തിൽ സബ്സിഡി 50,000/-രൂപയിൽ നിജപെടുത്തി നൽകുകയായിരുന്നു. എന്നാൽ രാജേഷ്, വള്ളി തുണ്ടിൽ വീട്, വാർഡ് നം. 5, എന്ന ഗുണഭോക്താതാവിനു 49,627/-രൂപയുടെ വാല്യുവേഷനുള്ള കിണറിനു 74,627/-രൂപ നൽകിയിരിക്കുന്നു. അധികമായി നൽകിയ 25,000/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

നൽകിയ തുകയുടെ വിശദാംശങ്ങൾ

ആദ്യഗഡു 25,000/-രൂപ, ബിൽ നം. 9/15 -02-21.

രണ്ടാം ഗഡു 49,627/-രൂപ, ബിൽ നം. 12/18-3-21.

അധികമായി നൽകിയ തുക നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് സെക്രട്ടറിയിൽ നിന്ന് ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 16/20-21, തീ. 26.10.21ന് മറുപടി ലഭ്യമായില്ല.

നിരാകരിക്കുന്ന തുക – 25,000/-രൂപ .

3-5 ഗുണഭോക്തൃ ലിസ്റ്റ് ഇല്ലാതെ ആനുകൂല്യ വിതരണം

പ്രോജക്ട് നം. 236/21 - തുറന്ന കിണർ (എസ്.സി.പി.)

നിർവ്വഹണോദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി.

അടങ്കൽ -18,00,000/-രൂപ (ധനകാര്യ കമ്മീഷൻ - പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ്).

ചെലവ് - 9,89,627/-രൂപ

(ബിൽ നം. 6/23/2/21, തുക 25,000/-രൂപ
ബിൽ നം. 13/18-3-21, തുക 50,000/-രൂപ
ബിൽ നം. 14/23-3-21, തുക 1,50,000/-രൂപ
ബിൽ നം. 9/15-02-21, തുക 1,35,000/-രൂപ
ബിൽ നം. 17/ 30.3.21, തുക 2,05,000/-രൂപ
ബിൽ നം. 12/18.3.21, തുക 4,24,627/-രൂപ)

ടി പ്രോജക്ട് പ്രകാരം ആനുകൂല്യത്തിനു അപേക്ഷ നൽകിയ ഗുണഭോക്താക്കൾക്ക് ആദ്യ ഗഡു അഡ്വാൻസ് നൽകുകയും പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് പഞ്ചായത്ത് മരാമത്ത് വിഭാഗത്തിന്റെ വാല്യുവേഷൻ അനുസരിച്ചു ബാക്കി തുക നൽകുന്നതിനുമായാണ് പദ്ധതി അംഗീകരിച്ചിരുന്നത്. പരമാവധി സബ്സിഡി 50,000/-രൂപയിൽ നിജപ്പെടുത്തിയിരുന്നു.

ആനുകൂല്യ വിതരണത്തിനായി പദ്ധതി രൂപികരിച്ചെങ്കിലും ഗ്രാമസഭാ ലിസ്റ്റ് തയ്യാറാക്കുകയോ പഞ്ചായത്തിന്റെ അന്തിമഗുണഭോക്തൃ പട്ടികയിൽ ടി പ്രോജക്ട് ഉൾപ്പെടുകയോ ചെയ്തിട്ടില്ല. 13-ാം പദ്ധതി മാർഗ്ഗരേഖ 11.3 പ്രകാരം വ്യാപകമായ പ്രചാരണം നൽകി അപേക്ഷ സ്വീകരിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ സഹായത്തോടെ കരട് പട്ടിക തയ്യാറാക്കി ഫീൽഡ് ലെവൽ പരിശോധന വഴി ഉദ്യോഗസ്ഥർ അർഹതയും മുൻഗണനയും സാക്ഷ്യപ്പെടുത്തി പട്ടിക പ്രസിദ്ധീകരിച്ച് വാർഡ് കമ്മിറ്റി അംഗീകരിച്ച ഗുണഭോക്താക്കൾക്കേ ആനുകൂല്യം വിതരണം ചെയ്യാവൂ. ഗ്രാമസഭാ ലിസ്റ്റോ, പഞ്ചായത്ത് കമ്മിറ്റി അംഗീകാരമില്ലാതെയും ആനുകൂല്യം വിതരണം ചെയ്ത നടപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. പദ്ധതി മാർഗരേഖക്ക് വിരുദ്ധമായി നടത്തിയ ചെലവ് 9,89,627/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

നിരാകരണം – 9,89,627/-രൂപ .

ഓഡിറ്റ് എൻക്വയറി നം. 16/26.10.2021 .

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 11.08.21 മുതൽ 13.08.21 വരെ | കെ.എസ്.എ.കെ.എൽ.എം.പി10/1523/21 തീയതി 23.06.2022 |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രോജക്ടിന്റെ പേര് | ചെലവ് (₹) | ബാലൻസ് (₹) |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | 1,82,750/- | നെൽകൃഷി വികസനം (25/21) | 1,82,750/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 1,27,500/- | നെൽകൃഷി വികസനം (166/21) | 1,27,500/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 42,896/- | സുഭിക്ഷ കേരളം-തരിശ് രഹിത നെൽകൃഷി (203/21) | 42,896/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 27,864/- | സുഭിക്ഷ കേരളം-കിഴങ്ങ് വർഗ്ഗ വികസനം (204/21) | 27,864/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 47,768/- | സുഭിക്ഷ കേരളം- തരിശ് രഹിത വാഴകൃഷി (205/21) | 47,768/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 21,418/- | സുഭിക്ഷ കേരളം- കിഴങ്ങ് വർഗ്ഗ വികസനം (252/21) | 21,418/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 3,43,732/- | ലൈഫ് ഭ്രരഹിത-ഭവനപദ്ധതി (37/21) | 3,43,732/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 2,50,000/- | ശാരീരീക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (41/21) | 2,50,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 1,50,000/- | അനുപൂരക പോഷകാഹാരം (43/21) | 1,50,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 2,00,000/- | അനുപൂരക പോഷകാഹാരം, SCP (49/21) | 2,00,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 5,00,000/- | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (19/21) | 0 | 5,00,000/- |
| ജില്ലാ പഞ്ചായത്ത് | 2020-21 | 2,50,000/- | ക്ഷീര കർഷകർക്ക് പാലിന് | 2,50,000/- | 0 |

| | | | | | |
|---|---|---|---|---|---|
| | | | സബ്സിഡി (153/21) | | |
| ജില്ലാ പഞ്ചായത്ത് | 2020-21 | 7,60,000/- | കലതിവിള കുടിവെള്ള പദ്ധതി (191/210) | 7,60,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 4,00,000/- | ചാമവിള 47-ാം നമ്പർ അംഗൻവാടി കെട്ടിട നിർമ്മാണം (193/21) | 4,00,000/- | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2020-21 | 1,72,000/- | നെൽകൃഷി വികസനം (25/21) | 1,72,000/- | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2020-21 | 97,500/- | നെൽകൃഷി വികസനം (166/21) | 97,500/- | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2020-21 | 16,086/- | സുഭിക്ഷ കേരളം- തരിശ് രഹിത നെൽകൃഷി (203/21) | 16,086/- | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2020-21 | 10,930/- | സുഭിക്ഷ കേരളം- തരിശ് രഹിത പച്ചക്കറികൃഷി (204/21) | 10,930/- | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2020-21 | 17,600/- | സുഭിക്ഷ കേരളം- തരിശ് രഹിത വാഴകൃഷി (205/21) | 17,600/- | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2020-21 | 9,107/- | സുഭിക്ഷ കേരളം- കിഴങ്ങ് വർഗ്ഗ വികസനം (252/21) | 9,107/- | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2020-21 | 10,40,000/- | ലൈഫ് ഭൂരഹിത ഭവന പദ്ധതി (37/21) | 10,40,000/- | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2020-21 | 2,00,000/- | ലൈഫ് മിഷൻ എസ്.സി.പി. (230/21) | 2,00,000/- | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2020-21 | 1,16,087/- | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (41/21) | 1,16,087/- | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2020-21 | 2,00,000/- | ലൈഫ് ഭവന പദ്ധതി ജനറൽ (227/21) | 2,00,000/- | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2020-21 | 6,75,000/- | ലൈഫ് ഭവന പദ്ധതി എസ്.സി. (228/21) | 6,75,000/- | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2020-21 | 57,866/- | തണ്ടാംകുറ്റിമുക്ക് കുളത്തിന്റെ മേലേതിൽ ഏലാ റോഡ് കോൺക്രീറ്റിംഗ് (265/21) | 57,866/- | |

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ | പ്രവൃത്തിയുടെ പേര് | വൗച്ചർ | മുൻകൂർ | ചെലവഴിച്ച | ചെലവഴിക്കാൻ |
|---|---|---|---|---|---|

| ഏജൻസി | | നമ്പർ/ ചെക്ക് നം. | നൽകിയ തുക (₹) | തുക (₹) | ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കലതിവിള കുടിവെള്ള പദ്ധതി (191/21) | 22000235 | 8,46,040/- | 19,00,000/- | 0 |
| | | 22000517 | 2,93,960/- | | |
| | | 22000920 | 7,60,000/- | | |
| കെ.എസ്.ഇ.ബി. പള്ളിക്കൽ | സ്ട്രീറ്റ് മെയിൻ ലൈൻ എക്സ്റ്റൻഷൻ (128/21) | 22001081 | 2,11,904/- | 2,11,904/- | 0 |
| കെ.എസ്.ഇ.ബി. കടമ്പനാട് | സി.പി.മുക്ക് ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കൽ (239/21) | 22000648 | 89,737/- | 89,737/- | 0 |
| കെ.എസ്.ഇ.ബി. ശൂരനാട് | സ്ട്രീറ്റ് മെയിൻ ലൈൻ എക്സ്റ്റൻഷൻ (124/21) | 22000293 | 11,024/- | 48,756/- | 0 |
| | | 22001326 | 15,439/- | | |
| | | 22001367 | 22,293/- | | |
| കെ.എസ്.ഇ.ബി. കടമ്പനാട് | സ്ട്രീറ്റ് മെയിൻ ലൈൻ എക്സ്റ്റൻഷൻ (124/21) | 22000293 | 6,736/- | 6,736/- | 0 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | ചക്കുവള്ളി മാർക്കറ്റിൽ കുഴൽകിണർ നിർമ്മാണം | 22000233 | 65,936/- | 65,936/- | 0 |
| ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ | പഞ്ചായത്തോഫീസ്, ശാസ്താംനട ഷോപ്പിംഗ് കോംപ്ലക്സ് എന്നിവിടങ്ങളിൽ എയ്റോബിക് കമ്പോസ്റ്റ് നിർമ്മാണം | 22001324 | 1,21,000/- | 1,21,000/- | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 17,20,000/-രൂപ വരവുണ്ട്. 17,20,000/-രൂപയിൽ 16,00,000/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷ വായ്പ തുക (₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന | തൻവർഷം തിരിച്ചടച്ച തുക (₹) | വർഷാവ സാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|

| | | | തുക (₹) | മുതൽ | പലിശ | ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | | 17,20,000/- | 2,10,13,971/- | 18,14,197/- | - | 2,09,19,774/- |

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 31 | 2001-02 | 9 | ആടുകൾ വിതരണം ചെയ്തതിലെ ക്രമക്കേടുകൾ | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ്. |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 13,23,79,252/-രൂപ |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 10,32,66,347/-രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 11,17,434/-രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 24,34,867/-രൂപ |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 3-1 | - | 82,467/- | ശ്രീമതി. സി ഒ കോമളവല്ലി, അസി. സെക്രട്ടറി |
| 3-2 | - | 937/- (Part) | ശ്രീമതി. രാധ, മുൻ മെമ്പർ |
| 3-2 | - | 938/- (Part) | ശ്രീമതി. അജിത, മുൻ മെമ്പർ |
| 3-2 | - | 937/- (Part) | ശ്രീ. രാജൻ, മുൻ മെമ്പർ |
| 3-2 | - | 938/- (Part) | ശ്രീ. ജയപ്രസന്നൻ, മുൻ പ്രസിഡന്റ് |
| 3-2 | - | 937/- (Part) | ശ്രീ. നമ്പൂരേത്ത് തുളസിധൻപിള്ള, മുൻ മെമ്പർ |
| 3-2 | - | 938/- (Part) | ശ്രീ. ബിനീഷ്, മുൻ മെമ്പർ |
| 3-2 | - | 937/- (Part) | ശ്രീമതി. ഗീത, മുൻ മെമ്പർ |
| 3-2 | - | 938/- (Part) | ശ്രീമതി. അനിതകുമാരി, മുൻ മെമ്പർ |
| 3-2 | - | 937/- (Part) | ശ്രീമതി. ശ്രീദേവി, മുൻ മെമ്പർ |
| 3-2 | - | 938/- (Part) | ശ്രീ. ഷംസുദ്ദീൻ, മുൻ മെമ്പർ |
| 3-2 | - | 937/- (Part) | ശ്രീ. ഷിബു, മുൻ മെമ്പർ |
| 3-2 | - | 938/- (Part) | ശ്രീ. ഫിറോസ് ഖാൻ, മുൻ മെമ്പർ |
| 3-2 | - | 937/- (Part) | ശ്രീ. പി കെ രവി, മുൻ മെമ്പർ |
| 3-2 | - | 938/- (Part) | ശ്രീ. വിനോദ്കുമാർ ഇ വി, മുൻ മെമ്പർ |
| 3-2 | - | 937/- (Part) | ശ്രീ. സഹദേവൻപിള്ള, മുൻ മെമ്പർ |
| 3-2 | - | 938/- (Part) | ശ്രീമതി. ഷീജ എസ്, മുൻ മെമ്പർ |
| 3-3 | - | 5,340/- | ശ്രീമതി. അല്ലി എസ്, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 3-4 | - | 25,000/- | ശ്രീമതി. സി ഒ കോമളവല്ലി, അസി. സെക്രട്ടറി |
| 3-5 | - | 9,89,627/- | ശ്രീമതി. സി ഒ കോമളവല്ലി, അസി. സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 1,50,000/- | ശ്രീമതി. സി ഒ കോമളവല്ലി, അസി. സെക്രട്ടറി |
| 1-20 | 55,492 /- | ശ്രീ. ജയപ്രകാശ് പി, സെക്രട്ടറി |
| 1-23 | 65,936/- | ശ്രീ. ജയപ്രകാശ് പി, സെക്രട്ടറി |
| 1-24 | 19,00,000/- | ശ്രീ. ജയപ്രകാശ് പി, സെക്രട്ടറി |
| 1-25 | 17,000/- | ശ്രീ. ജയപ്രകാശ് പി, സെക്രട്ടറി |
| 1-27 | 66,000/- | ഡോ. പ്രവീൺ കുമാർ, മെഡിക്കൽ ഓഫീസർ |
| 1-29 | 27,489/- | ശ്രീമതി. സി ഒ കോമളവല്ലി, അസി. സെക്രട്ടറി |
| 1-30 | 1,00,000/- | ഡോ. പ്രവീൺ കുമാർ, മെഡിക്കൽ ഓഫീസർ |
| 1-34 | 52,950/- | ശ്രീമതി. കൃഷ്ണകുമാരി, ഹെഡ്മിസ്ട്രസ് |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ജയപ്രകാശ് പി., സെക്രട്ടറി | സെക്രട്ടറി<br>പോരുവഴി ഗ്രാമപഞ്ചായത്ത് | ബാബു ഭവനം, മനക്കര,<br>ശാസ്താംകോട്ട |
| ശ്രീമതി.<br>സി ഒ കോമളവല്ലി,<br>അസി.സെക്രട്ടറി | അസി. സെക്രട്ടറി,<br>പോരുവഴി ഗ്രാമപഞ്ചായത്ത് | പുലിയംകുന്നിൽ വീട്<br>കൈതക്കോട് പി.ഒ, പവിത്രേശ്വരം |
| ഡോ.പ്രവീൺ കുമാർ,<br>മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ,<br>പോരുവഴി | സി.ജി. നിവാസ്,<br>നാവായിക്കുളം പി.ഒ,<br>തിരുവനന്തപുരം |
| ശ്രീമതി. അല്ലി എസ്.<br>ഐ.സി.ഡി.എസ്.<br>സൂപ്പർവൈസർ | സി.ഡി.പി.ഒ,<br>ഐ.സി.ഡി.എസ്. ഓഫീസ്,<br>ബ്ലോക്ക് ഓഫീസ് കോമ്പൗണ്ട്,<br>തൃത്താല, കൂറ്റനാട് പി.ഒ,<br>പാലക്കാട്. | ആരാമം, വില്ലിമംഗലം,<br>മൺട്രോത്തുരുത്ത് പി. ഒ,<br>കൊല്ലം |
| ശ്രീമതി. കൃഷ്ണകുമാരി<br>ഹെഡ്മിസ്ട്രസ് | ഹെഡ്മിസ്ട്രസ്, ജി.യു.പി.എസ്,<br>ചവറ സൗത്ത് പി.ഒ. | ശ്രീപദം, ചവറ സൗത്ത് പി.ഒ,<br>തെക്കുംഭാഗം |
| റ്റി.മണി | മുൻ മെമ്പർ | ചരിഞ്ഞപറമ്പിൽ, കിഴക്കേപ്പുര,<br>ചത്താംകുളം, പോരുവഴി |
| രാധ | മുൻ മെമ്പർ | കാപ്പിശ്ശേരിൽ, ഇടയ്ക്കാട്,<br>ഇടയ്ക്കാട് പി.ഒ |
| അജിത | മുൻ മെമ്പർ | കിരൺഭവനം, ഇടയ്ക്കാട്,<br>ഇടയ്ക്കാട് പി.ഒ |
| രാജൻ | മുൻ മെമ്പർ | ചരുവിളപുത്തൻ വീട്,<br>ഇടയ്ക്കാട്, ഇടയ്ക്കാട് പി.ഒ |
| ജയപ്രസന്നൻ | മുൻ പ്രസിഡന്റ് | പാലതുണ്ടിൽ കിഴക്കതിൻ,<br>ഇടയ്ക്കാട്, ഇടയ്ക്കാട് പി.ഒ |
| നമ്പൂരേത്ത്<br>തുളസിധൻ പിള്ള | മുൻ മെമ്പർ | രാജേന്ദ്ര വിലാസം,ഇടയ്ക്കാട്,<br>ഇടയ്ക്കാട് പി.ഒ |
| ബിനീഷ് | മുൻ മെമ്പർ | ബിനീഷ് ഭവനം, ഇടയ്ക്കാട്,<br>ഇടയ്ക്കാട് പി.ഒ |
| രമ്യ.എം.എസ് | മുൻ മെമ്പർ | മോഹനവിലാസം,<br>അമ്പലത്തുംഭാഗം<br>അമ്പലത്തുംഭാഗം പി.ഒ |
| ഗീത | മുൻ മെമ്പർ | ആനന്ദ ഭവനം, അമ്പലത്തുംഭാഗം |

| | | |
|---|---|---|
| | | അമ്പലത്തുംഭാഗം പി.ഒ |
| അനിതകുമാരി | മുൻ മെമ്പർ | പുളിയൻവിള വീട്, പോരുവഴി, അമ്പലത്തുംഭാഗം പി.ഒ |
| ശ്രീദേവി | മുൻ മെമ്പർ | രാജിഭവൻ, കമ്പലടി, പോരുവഴി പി.ഒ |
| ഷംസുദ്ദീൻ | മുൻ മെമ്പർ | താമരഭാഗത്ത്, കമ്പലടി, പോരുവഴി പി.ഒ |
| ഷിബു | മുൻ മെമ്പർ | ഹാരീസ് മൻസിൽ, കമ്പലടി, പോരുവഴി പി.ഒ |
| ഫിറോസ് ഖാൻ | മുൻ മെമ്പർ | ചാമവിള വടക്കതിൽ, കമ്പലടി, പോരുവഴി പി.ഒ |
| പി കെ രവി | മുൻ മെമ്പർ | തേജസ്, പോരുവഴി, അമ്പലത്തുംഭാഗം പി.ഒ |
| വിനോദ്കുമാർ | മുൻ മെമ്പർ | ഇ.വി. വിശ്വേശ്വരി ഭവൻ, പള്ളിമുറി, പോരുവഴി, അമ്പലത്തുംഭാഗം പി.ഒ |
| സഹദേവൻ പിള്ള | മുൻ മെമ്പർ | ലക്ഷ്മി ഭവനം, നടുവിലേമുറി, പോരുവഴി, ചാത്താംകുളം പി.ഒ |
| ഷീജ എസ് | മുൻ മെമ്പർ | മരങ്കാലുവിള കിഴക്കതിൽ, വടക്കേമുറി, പോരുവഴി, ചാത്താംകുളം പി.ഒ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്സ്.എ-കെ.എൽ.എം-പി10-395(2)/2018, 12.04.2018 | 6 |
| 1998-99 | കെ.എസ്സ്.എ-കെ.എൽ.എം-പി10-395(3)/2018,12.04.2018 | 7 |
| 1999-00 | കെ.എസ്സ്.എ-കെ.എൽ.എം-പി10-395(4)/2018,12.04.2018 | 5 |
| 2000-01 | കെ.എസ്സ്.എ-കെ.എൽ.എം-പി10-395(5)/2018,12.04.2018 | 2 |
| 2001-02 | കെ.എസ്സ്.എ-കെ.എൽ.എം-പി10-395(6)/2018,12.04.2018 | 1 |
| 2002-03 | കെ.എസ്സ്.എ-കെ.എൽ.എം-പി10-395(7)/2018,12.04.2018 | 3 |
| 2003-04 & 2004-05 | കെ.എസ്സ്.എ-കെ.എൽ.എം-പി10-395(8)/2018,12.04.2018 | 2 |
| 2005-06 | കെ.എസ്സ്.എ-കെ.എൽ.എം-പി10-395(9)/2018,12.04.2018 | 4 |
| 2006-07 | എൽ.എഫ്.ക്യൂപി2/1200/2014,.08.07.2014 | 8 |
| 2007-08 | എൽ.എഫ്.ക്യൂപി2/1200/2014,.08.07.2014 | 10 |
| 2008-09 | എൽ.എഫ്.ക്യൂപി2/1200/2014,.08.07.2014 | 16 |
| 2009-10 | എൽ.എഫ്.ക്യൂപി2/1200/2014,.12.06.2014 | 18 |

| | | |
|---|---|---|
| 2010-11 | എൽ.എഫ്.ക്യൂപി2/1200/2014,.12.06.2014 | 4 |
| 2011-12 | എൽ.എഫ്.ക്യൂപി2/2624/2014,05.03.2015 | 10 |
| 2012-13 | എൽ.എഫ്.ക്യൂപി2/2624/2014,05.03.2015 | 7 |
| 2013-14 | കെ.എസ്സ്.എ-.എൽ.എം,പി2/94/16,02.09.2016 | 13 |
| 2014-15 | കെ.എസ്സ്.എ-കെ.എൽ.എം, പി2/1171/16,01.08.2016 | 24 |
| 2015-16 | കെ.എസ്സ്.എ-കെ.എൽ.എം, പി2/52/17,13.02.2017 | 30 |
| 2016-17 | കെ.എസ്സ്.എ-കെ.എൽ.എം.പി10-1245/30.11.2017 | 18 |
| 20117-18 | കെ.എസ്.എ/കെ.എൽ.എം/പി10/252/2019/27/04/2019. | എല്ലാ ഖണ്ഡികകളും |
| 2018-19 | കെ.എസ്.എ/കെ.എൽ.എം/പി.10/1858/2019/24/01/2020 | എല്ലാ ഖണ്ഡികകളും |
| 2019-20 | കെ.എസ്.എ/കെ.എൽ.എം/പി.10/1519/21 / 12/04/2022 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ പോരുവഴി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ പോരുവഴി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

3

അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.